


2
**നിന്നോർമകളിൽ പാടുന്നു, ഓരോ ഹൃദയമിടിപ്പും...**
• ഇ.പി. ഷെഫീഖ്
കഴിഞ്ഞവാരം അന്തരിച്ച ഹിന്ദി ഗാനരചയിതാവ് യോഗേഷ് ഗൗറിൻെറ സംഗീതജീവിതത്തിലൂടെ

വാരാദ്യ മാധ്യമം
07 ഞായർ
2020 ജൂൺ
ലക്കം 1667

ഫീച്ചർ

**“ കോളറ, വസൂരി, നിപ, കോവിഡ്-19... ലോകം പല പേരിട്ടു വിളിച്ച മഹാമാരികളിൽ മരിച്ചവരെ മറമാടിയ ഒരു ശ്മശാനത്തിൻെറ കഥ...**



• *കണ്ണംപറമ്പ് ഖബർസ്ഥാൻ* ചിത്രം: **പി. അഭിജിത്**

# ഒരു ശ്മശാനം കഥ പറയുന്നു

**സുബൈർ പി. ഖാദർ**

മുഖദാർ ബീച്ചിൽ ഒരുവശത്തായി സദാസമയവും ആർത്തലക്കുന്ന പടിഞ്ഞാറൻ അറബിക്കടലും മറുവശത്ത് ശാന്തമായി കിടക്കുന്ന കണ്ണംപറമ്പ് ശ്മശാനവും കോഴിക്കോടിൻെറ ചരിത്രമുദ്രകളാണ്. 13 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ഭൂമിയിൽ നിരനിരയായി പാകിവെച്ച മീസാൻ കല്ലുകൾക്കു താഴെ അറബിക്കടലിൻെറ കാറ്റേറ്റ് അന്ത്യവിശ്രമം കൊള്ളുന്നത് പതിനായിരങ്ങളാണ്. അവർക്കിടയിൽ ലോകത്തെ വിറപ്പിച്ച മഹാമാരികൾ ജീവനെടുത്ത ആയിരങ്ങളുമുണ്ട്. ഒരുകാലത്ത് നാടും വീടും ബന്ധുക്കളും ഭീതികാരണം ഭ്രഷ്ട് കൽപിച്ച മൃതശരീരങ്ങളാണ് അവയിലേറെയും. അശാന്തിയുടെ ആ കറുത്ത ദിനങ്ങൾ ജീവൻ കവർന്ന കോഴിക്കോട് നഗരത്തിലെയും പരിസരത്തെയും മനുഷ്യരെ തെല്ലും ഭയമില്ലാതെ ഏറ്റുവാങ്ങിയത് ഈ ഭൂമിയാണ്. കേരളത്തിലെ ഏറ്റവും വലിയ ശ്മശാനങ്ങളിലൊന്നായ കണ്ണംപറമ്പ് അന്നും ഇന്നും ശാന്തമാണ്. കേരളത്തിലെ മറ്റു ഖബർസ്ഥാനുകളിൽനിന്ന് വ്യത്യസ്തമായ അപൂർവ ചരിത്രം ഈ മണ്ണിനുണ്ട്. കോളറ, വസൂരി, നിപ, കോവിഡ്-19... ലോകം വ്യത്യസ്ത പേരിട്ട് വിളിച്ച മഹാമാരികളിൽ മരിച്ചവരെ മറമാടിയ ഭൂമി. കോവിഡ് ബാധിച്ച് മരിച്ച പിഞ്ചുകുഞ്ഞ് ഉൾപ്പെടെ നാലുപേരെ മറവുചെയ്തതോടെയാണ് സർക്കാർ ഉടമസ്ഥതയിലുള്ള ഈ ശ്മശാനം വീണ്ടും വാർത്തകളിൽ നിറഞ്ഞത്.

## നടപ്പുദീനം അഥവാ കോളറ

1858ൽ ഏപ്രിൽ നാലിനാണ് കോഴിക്കോട് നഗരത്തിലും പരിസരത്തുമുള്ള മുസ്ലിംകളുടെ മൃതദേഹം മറവുചെയ്യാനായി ഭൂമി കണ്ടെത്താൻ ബ്രിട്ടീഷ് സർക്കാർ മലബാർ മജിസ്ട്രേറ്റിനോട് ആവശ്യപ്പെട്ടത്. അന്ന് നടപ്പുദീനം എന്ന് വിളിച്ചിരുന്ന കോളറയെന്ന മഹാമാരി കോഴിക്കോട് നഗരത്തിൽ ഭീതിപടർത്തിയ കാലമായിരുന്നു. രോഗം വ്യാപിച്ചതോടെ ഇയ്യാംപാറ്റകളെപ്പോലെ ദിവസേന നിരവധി ആളുകൾ മരിച്ചുവീഴുന്ന അവസ്ഥ. മരിച്ചവരെയെല്ലാം നഗര ചുറ്റുപാടിലെ 45ഓളം പള്ളി ശ്മശാനത്തിലായിരുന്നു മറമാടിയിരുന്നത്. എന്നാൽ, ഇത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിന് പുറമെ കോളറ വീണ്ടും തലപൊക്കിയേക്കുമെന്ന ഭയത്താൽ കേന്ദ്രീകൃത മുസ്ലിം ശ്മശാനത്തിന് ഭൂമി കണ്ടെത്താൻ സർക്കാർ മലബാർ മജിസ്ട്രേറ്റായിരുന്ന റോബിൻസണിന് നിർദേശം നൽകി. ഇത് സംബന്ധിച്ച് G.O.NO.47 (Public) dated 09.04.1858 ആയി ഉത്തരവുമിറങ്ങി. കാര്യങ്ങൾ കൃത്യമായി പഠിച്ച റോബിൻസൺ തയാറാക്കിയ റിപ്പോർട്ടിലെ പ്രസക്തഭാഗം ഇങ്ങനെയായിരുന്നു. ‘മാപ്പിള ടൗണിൽ കോളറ അതിരൂക്ഷമാണ്. നഗരത്തിൽ മരിച്ചവരിൽ ഏറെപ്പേരും മാപ്പിളമാർ തന്നെയാണ്. ഇതിനുകാരണം അടുത്തടുത്തുള്ള താമസവും വൃത്തിയില്ലായ്മയുമാണ്. മറ്റൊരുകാരണം നഗരത്തിലെ പള്ളികളിൽ അടുത്തടുത്ത് മൃതദേഹം അടക്കം ചെയ്യുന്നതുമാണ്. അതിനാൽ, ഈ നടപടി ഉടനെ അവസാനിപ്പിക്കേണ്ടതാണ്. അതിനാൽ, മാപ്പിളമാരെ മുഷിപ്പിക്കാതെ സർക്കാർ ചെലവിൽ ശ്മശാനത്തിന് ഭൂമി കണ്ടെത്തി ചുറ്റുമതിൽ കെട്ടുക എന്നതാണ്’. തുടർന്ന് 16.07.1859ന് കണ്ണംപറമ്പിൽ ഭൂമി കണ്ടെത്തുകയും G.O.NO.113 (Public) dated 27.01.1862 ആയ വിജ്ഞാപനത്തിൻെറ അടിസ്ഥാനത്തിൽ അഞ്ച് ഏക്കർ മുക്കാൽ സെൻറ് ഭൂമി സർക്കാർ ഏറ്റെടുത്ത് ചുറ്റുമതിൽ കെട്ടി. ഇതിനിടെ കോളറ നിയന്ത്രണ വിധേയമായതോടെ നഗരത്തിൽനിന്നെത്തുന്ന അനാഥമൃതദേഹങ്ങൾ മാത്രമായിരുന്നു ഇവിടെ വർഷങ്ങളോളം മറവുചെയ്തിരുന്നത്. ശേഷം ഭൂമി ഖാദി ഉൾപ്പെടെയുള്ള കമ്മിറ്റിക്ക് കലക്ടർ കൈമാറി.

## കോളറയുടെ രണ്ടാം വരവ്

32 വർഷങ്ങൾക്കുശേഷം 1890-91ലാണ് കോളറ വീണ്ടും തിരിച്ചെത്തിയത്. മൂന്നുമാസത്തിനിടെ അന്ന് മരിച്ചുവീണത് 861 മുസ്ലിംകളായിരുന്നു. കോളറ വീണ്ടും വ്യാപിച്ചതോടെയാണ് മുസ്ലിംകൾക്ക് പൊതുശ്മശാനം എന്ന ആശയം വീണ്ടും ഉയർന്നുവന്നത്. ഈ ആവശ്യം ഉയർത്തി അക്കാലത്തെ പ്രമുഖരായ മത നേതാക്കളോടും സംഘടനാ നേതാക്കളോടും ബ്രിട്ടീഷ് സർക്കാർ സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. അന്നത്തെ അസി. കലക്ടറായിരുന്ന ഡബ്ല്യൂ. ഡ്യൂമഗ് ആയിരുന്നു ചർച്ചകൾക്കും എഴുത്തുകുത്തുകൾക്കും നേതൃത്വം നൽകിയിരുന്നത്.

തുടർന്ന്, 1890 ജൂലൈ ഏഴിന് കലക്ടർ മലബാറിലെ പ്രമാണിമാരുടെ യോഗം വിളിച്ചുചേർത്തു. യോഗത്തിൽ സയ്യിദ് അബ്ദുറഹിമാൻ സഫീർ പാഷ, പുതിയങ്ങാടി വലിയ തങ്ങൾ, പുതിയങ്ങാടി ചെറിയ തങ്ങൾ, ഉസ്സാൻ മാപ്പിളകത്തെ ഇമ്പിച്ചിക്കോയ (കോഴിക്കോട് ജമാഅത്ത് പള്ളിയിലെ ഖാദി), പള്ളിവീട്ടിൽ മമ്മതാജി (മിശ്കാൽ പള്ളി ഖാദി), മാളിയക്കൽ സയ്യിദ് അലി ഹാജി ജിഫ്രിക്കോയ, പുതിയ മാളിയേക്കൽ മുത്തുക്കോയ, ആച്ചവീട്ടിൽ മുത്തുക്കോയ, വാഴകസമാൻറകത്ത് മമ്മത് (ജമാഅത്ത് പള്ളി ഖതീബ്), തോപ്പിലകത്ത് കോയട്ടിഹാജി, തോപ്പിലകത്ത് ചെക്കുട്ടിക്കോയ ഹാജി, മാളിയേക്കൽ കോയസ്സൻ കോയ ഹാജി, മുച്ചുന്തിയകത്ത് അബ്ദുള്ളകോയ ഹാജി, തോപ്പിൽ അഹമ്മദ് കോയ ഹാജി, മാക്രാണം വീട്ടിൽ മൊയ്തീൻകോയ ഹാജി, സെയതബ്രാമിൻറകത്ത് ഉമ്ര ബറാമി എന്നിവരായിരുന്നു പങ്കെടുത്തവർ.

നേരിട്ടുള്ള ചർച്ചക്കൊടുവിൽ വിഷയത്തിൻെറ ഗൗരവം മനസ്സിലാക്കി മാപ്പിളമാർക്ക് ഒരു പൊതുശ്മശാനം എന്ന ആശയത്തെ എല്ലാവരും ഏകകണ്ഠമായി അനുകൂലിച്ചതായി മലബാർ ഗസറ്റിൽ പറയുന്നുണ്ട്. എന്നാൽ, കണ്ണംപറമ്പിൽ പൊതുശ്മശാനം വരുന്നത് അംഗീകരിക്കാൻ നേതാക്കൾ തയാറായിരുന്നില്ല. വൈകാരിക വിഷയമായതിനാൽ ഇക്കാര്യം ആവശ്യപ്പെട്ട് ബ്രിട്ടീഷ് സർക്കാർ അവരെ നിർബന്ധിച്ചതുമില്ല. പകരം സ്വീകാര്യമായ ഭൂമി കണ്ടെത്താൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയായിരുന്നു.

## ഒടുവിൽ കണ്ണംപറമ്പിലേക്ക്

ആക്ടിങ് കലക്ടർ ഡബ്ല്യൂ. ഡ്യൂമഗ്ഗ്, തോപ്പിലകത്ത് കോയട്ടിഹാജി, കോയസ്സൻ ഹാജി, ഡോ. ബീച്ച് സായ്പ്, റവറണ്ട ഡോക്ടർ ലീബണ്ടർഫർ, ഡി. മാനക്ജി എന്നിവരായിരുന്നു സ്ഥല തിരഞ്ഞെടുപ്പു കമ്മിറ്റിയിലെ അംഗങ്ങൾ. കമ്മിറ്റി നഗരത്തിലെ വിവിധ ഭാഗങ്ങളിലെ പൊതുസ്വീകാര്യമായ ഭൂമി കണ്ടെത്താനുള്ള ശ്രമവും തുടങ്ങി. ആദ്യം ബേപ്പൂർ റോഡിലെ ടോൾ ഗേറ്റിന് സമീപത്തുള്ള ഭൂമിയായിരുന്നു പരിഗണിച്ചത്. എന്നാൽ, ആ സ്ഥലത്തോട് നേതാക്കൾക്ക് താൽപര്യമുണ്ടായില്ല. ദൂരക്കൂടുതലുള്ളതിനാൽ മൃതദേഹത്തെ അനുഗമിക്കാൻ കഴിയില്ലെന്ന ഭയമായിരുന്നു കാരണം. ഇത് സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക സംബന്ധിച്ച് മലബാർ ഗസറ്റിൽ ഇങ്ങനെ കാണാം ‘മയ്യിത്തിനെ ഞങ്ങൾ അങ്ങേയറ്റം ബഹുമാനിക്കുന്നു. മയ്യിത്തിനെ അനുഗമിച്ചുള്ള യാത്രയിൽ പങ്കെടുത്തുകൊണ്ടാണ് ഞങ്ങളീ ബഹുമാനം പ്രകടിപ്പിക്കുന്നത്. എന്നാൽ, നഗരത്തിൽനിന്ന് ബേപ്പൂർവരെ മയ്യിത്തിനെ അനുഗമിക്കാൻ ആളുകളെ കിട്ടില്ല. വിലാപയാത്രയിൽ ആളുകൾ കുറഞ്ഞുപോയാൽ അത് മയ്യിത്തിനോട് കാട്ടുന്ന അനാദരവിന് തുല്യമാണ്. അതിനാൽ, കണ്ടെത്തുന്ന ഭൂമി കുറച്ചുകൂടി അടുത്താവണം.’ തുടർന്ന്, പള്ളിപ്പറമ്പ്, മിതപ്പറമ്പ് എന്നീ സ്ഥലത്തെ ഭൂമി കണ്ടെത്തിയെങ്കിലും വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്നതിനാൽ അതും സ്വീകാര്യമായില്ല. അവസാനം കണ്ണംപറമ്പിലെ ഭൂമിതന്നെ മതിയെന്ന തീരുമാനത്തിലെത്തുകയായിരുന്നു. അപ്പോഴേക്കും 10 വർഷം പിന്നിട്ടിരുന്നു. തുടർന്നാണ് 1900ത്തിൽ കണ്ണംപറമ്പ് ശ്മശാനം മുസ്ലിംകളുടെ മൃതദേഹം മറവുചെയ്യാൻ നിർബന്ധമായും ഉപയോഗിക്കണമെന്ന വിജ്ഞാപനം ഇറങ്ങിയത്.

1901 നവംബർ 11ന് ചേർന്ന നഗരസഭ യോഗത്തിൽ നഗര മധ്യത്തിലെ മറ്റുപള്ളികളിൽ ഖബറടക്കം നിരോധിച്ചും ഉത്തരവിറങ്ങി. ഉത്തരവ് ഇങ്ങനെയായിരുന്നു: ‘1900 ഫെബ്രുവരി 28ന് നഗരത്തിലെ മാപ്പിളമാർക്കുവേണ്ടി കണ്ണംപറമ്പിലൊരു ശ്മശാനം സർക്കാർ തുറന്നിട്ടുള്ളതിനാൽ ഇനിമുതൽ നഗരത്തിലെ പള്ളി ഖബർസ്ഥാനുകളിൽ മയ്യിത്ത് മറവു ചെയ്യുന്നത് മുനിസിപ്പൽ കൗൺസിൽ നിരോധിച്ചിരിക്കുന്നു. കിഴക്ക് മൂര്യാട് പുഴയും, പടിഞ്ഞാറ് കടൽക്കരയും, വടക്ക് ജയിൽറോഡും വലിയങ്ങാടി റോഡും, തെക്ക് കല്ലായി പുഴയുമായുള്ള അതിർത്തിക്കുള്ളിൽ ഇനി മുതൽ നടക്കുന്ന മരണങ്ങളിൽ മയ്യിത്ത് ഖബറടക്കേണ്ടത് കണ്ണംപറമ്പിലാണെന്ന് ഇതിനാൽ അറിയിക്കുന്നു. മറിച്ചാരെങ്കിലും പ്രവർത്തിച്ചാൽ 100 രൂപ പിഴ ഈടാക്കേണ്ടിവരുമെന്നും ഇതിനാൽ അറിയിക്കുന്നു.’ പിന്നീട് 1931മേയ് 29നാണ് തൊട്ടടുത്തുള്ള മരക്കാൻ കടവുപറമ്പിലെ ഒരുഭാഗവും നൈനാം വളപ്പിലെ ഒരു ഭാഗവും ഭൂമി യഥാക്രമം 4.29 സെൻറ്, 2.41 സെൻറ് ഉൾപ്പെടെ ഏറ്റെടുത്ത് ഇന്നത്തെപ്പോലെ 13 ഏക്കറായി വിപുലീകരിച്ചത്. ഇതിനായി താമസക്കാരെ പണവും മറ്റൊരു ഭാഗത്ത് ഭൂമിയും നൽകിയാണ് ഒഴിപ്പിച്ചത്. സ്ഥലമേറ്റെടുപ്പിനായി സർക്കാർ ചെലവാക്കിയത് 34,464 രൂപ, നാല് അണ, അഞ്ചു പൈസയായിരുന്നെന്ന് 6.4.1931ലെ മലബാർ ഗസറ്റിൽ പറയുന്നു.

## വീണ്ടും കോളറ

1943ൽ മലബാറിൽ പടർന്ന കോളറയിൽ ആയിരക്കണക്കിന് ജീവനാണ് പൊലിഞ്ഞത്. ഒന്നര മാസത്തോളം നീണ്ടുനിന്ന മഹാമാരിയിൽ കോഴിക്കോട് നഗരത്തിൽ നൂറുകണക്കിനാളുകളായിരുന്നു മരിച്ചുവീണത്. അവരെയൊക്കെ മറമാടിയത് കണ്ണംപറമ്പിലായിരുന്നു. അന്ന് മയ്യിത്ത് കുളിപ്പിക്കാനും ഖബറടക്കാനും ആളുകൾ പേടിച്ചതോടെ പള്ളിക്കണ്ടി സ്വദേശിയായ ആലി മൊല്ലാക്ക എന്നയാളായിരുന്നു മുന്നോട്ടുവന്നത്. സ്ത്രീകളുടെ മയ്യിത്തും അദ്ദേഹമായിരുന്നു കുളിപ്പിച്ചിരുന്നതെന്ന് സഹോദരി മറിയം പറയുന്നു. ഇസ്ലാം മത പ്രകാരം സ്ത്രീകളുടെ മയ്യിത്ത് സ്ത്രീകൾതന്നെയാണ് കുളിപ്പിക്കേണ്ടത്. മഹാമാരി കാരണം ആളുകൾ ഭീതിയോടെ മാറിനിന്നതോടെ കണ്ണുകെട്ടിയായിരുന്നു അദ്ദേഹം സ്ത്രീകളെ കുളിപ്പിച്ചത്. ദാരിദ്ര്യവും കഷ്ടതകളും നിറഞ്ഞ അക്കാലത്ത് കഫൻതുണി (മൃതദേഹം പൊതിയുന്ന തുണി), സോപ്പ് തുടങ്ങിയവക്കും മയ്യിത്ത് കുളിപ്പിക്കാനും ആളുകൾ ആലി മൊല്ലാക്കയുടെ വീട്ടിലേക്കായിരുന്നു ഓടിയെത്തിയിരുന്നത്. അഞ്ചോളം മൃതദേഹം ഒരുമിച്ച് ഉന്തുവണ്ടിയിൽ കയറ്റിയായിരുന്നു കണ്ണംപറമ്പ് ശ്മശാനത്തിലേക്ക് ഖബറടക്കാനെത്തിച്ചിരുന്നത്. അബ്ദുറഹിമാൻ, കൂനൻ മമ്മദ്, കുഞ്ഞാതുക്ക എന്നിവരായിരുന്നു ഇക്കാലത്ത് ഖബർ കുഴിച്ചിരുന്നത്. 1968ൽ പ്രദേശത്ത് വസൂരി പടർന്നുപിടിച്ചെങ്കിലും ആളുകൾ മരിച്ചത് സംബന്ധിച്ച് അറിവില്ലെന്ന് പള്ളി ഭാരവാഹികൾ പറഞ്ഞു.




• *ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനം അടങ്ങിയ 1980ലെ മലബാർ ഗസറ്റ് മുഖപേജ്*

## കേരളം അതിജീവിച്ച നിപ

അതിജീവനത്തിൻെറയും നിശ്ചയദാർഢ്യത്തിൻെറയും അവിസ്മരണീയ കഥയാണ് നിപയിലൂടെ കേരളം ലോകത്തിന് കാണിച്ചുകൊടുത്തത്. 18ഓളം പേരായിരുന്നു നിപ കാരണം സംസ്ഥാനത്ത് മരിച്ചത്. ഇതിൽ പേരാമ്പ്ര പന്തീരിക്കര സൂപ്പിക്കടയിലെ വളച്ചുകെട്ടിയിൽ മൂസ മുസ്ലിയാരുടെ മൃതദേഹമാണ് ഇവിടെ മറവുചെയ്തത്. സമീപത്തെ വീടുകൾക്ക് പ്രയാസമോ പരാതിയോ ഉണ്ടാവാതിരിക്കാൻ നാട്ടുകാരുടെയും പ്രാദേശിക രാഷ്ട്രീയ നേതാക്കളുടെയും സമ്മതത്തോടെ ശ്മശാനത്തിന് നടുവിലായാണ് ഖബർ ഒരുക്കിയത്.

## തുടരുന്ന കോവിഡ് മരണങ്ങൾ


സെക്കൻഡുകളുടെ വ്യത്യാസത്തിലാണ് ലോകത്തിലെ കോവിഡ് മരണ, സ്ഥിരീകരണ കണക്കുകൾ മാറിമറിയുന്നത്. മരണം മൂന്നു ലക്ഷവും കടന്ന് കുതിക്കുമ്പോൾ മൃതദേഹങ്ങൾ കൂട്ടമായും അല്ലാതെയും സംസ്കരിക്കുന്ന ഭീതിദമായ കാഴ്ചകളാണ് പുറത്തുവരുന്നത്. പല സംസ്ഥാനങ്ങളിലും കോവിഡ് ബാധിച്ച് മരിച്ചവരുടെ മൃതദേഹം സംസ്കരിക്കാൻ സമ്മതിക്കാതെ ഭീതികാരണം പൊലീസിനെയും ആരോഗ്യപ്രവർത്തകരെയും നാട്ടുകാർ കല്ലെറിഞ്ഞും ആട്ടിപ്പായിച്ചും നേരിട്ട സംഭവങ്ങൾ നിരവധിയാണ്. ഭീതിദമായ ഇത്തരം വാർത്തകൾക്കിടെയാണ് കോവിഡ് ബാധിച്ച് മരിച്ച നാലുപേരെ ഇവിടെ മറമാടിയത്.

## മാതൃകയാണീ ഖബർസ്ഥാൻ

1999നു ശേഷമാണ് കാടുപിടിച്ചുകിടക്കുകയായിരുന്ന ശ്മശാനം ഇന്നത്തെപ്പോലെ നവീകരിച്ചത്. ക്രമനമ്പർ അടിസ്ഥാനത്തിൽ കൃത്യമായ പ്ലോട്ടുകളായി തിരിച്ചാണ് മറമാടൽ നടത്തുന്നത്. ഇതേതുടർന്ന് കാലക്രമേണ മീസാൻ കല്ലുകൾ നശിച്ചാലും ബന്ധുക്കൾക്ക് പ്ലോട്ടിലെ ക്രമനമ്പർ അനുസരിച്ച് ഖബറിടം കണ്ടെത്താൻ കഴിയുമെന്ന് ഭാരവാഹികൾ പറഞ്ഞു. മൃതദേഹം സംബന്ധിച്ച് പൂർണ വിവരങ്ങളും ഖബറടക്കിയ സ്ഥലവും കമ്പ്യൂട്ടറിലും രേഖപ്പെടുത്തും. 2001ലാണ് ഇവിടത്തെ പള്ളി പുതുക്കിപ്പണിയുന്നത്. നഗരത്തിലെ ആശുപത്രികളിൽ എത്തുന്നതും മറ്റു സ്ഥലങ്ങളിൽനിന്നുള്ളതുമായ അനാഥ മുസ്ലിം മൃതദേഹം പൊലീസ് ക്ലിയറൻസോടെ ഖബറടക്കുന്നതും ഇവിടെയാണ്. ഇത്തരം മൃതദേഹങ്ങൾ മറവുചെയ്യാൻ പള്ളികമ്മിറ്റി ഫണ്ടിൽനിന്നാണ് പണം ചെലവഴിക്കുന്നത്. മറ്റു മഹല്ലുകളിൽനിന്നുള്ളവയും ഔദ്യോഗികമായി കത്തുണ്ടെങ്കിലും ഇവിടെ ഖബറടക്കാം. ലക്ഷദ്വീപുകാർ, വിദേശികൾ ഉൾപ്പെടെയുള്ള നിരവധി പേരെ ഇവിടെ മറമാടിയിട്ടുണ്ട്. മാസം ശരാശരി 35ഓളം പേരെ മറവ് ചെയ്യുന്നതായി ഭാരവാഹികൾ പറയുന്നു. ആവശ്യമെങ്കിൽ മൃതദേഹം കുളിപ്പിക്കാനും പള്ളിയിൽ സൗകര്യമുണ്ട്.

1999 മുതൽ 21 വർഷമായി എ.പി. അഹമ്മദ് കോയ ഹാജി പ്രസിഡൻറും എം.പി. സക്കീർഹുസൈൻ സെക്രട്ടറിയുമായ കമ്മിറ്റിയാണ് പള്ളി-ഖബർസ്ഥാൻ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത്. കോഴിക്കോട് കോർപറേഷൻ സഹായവും ശ്മശാനത്തിന് ലഭിക്കുന്നുണ്ട്. പള്ളിക്കണ്ടി സ്വദേശി സിദ്ദീഖിൻെറ നേതൃത്വത്തിലാണ് ഇവിടെ ഖബർ കുഴിക്കുന്നത്. സ്വാതന്ത്ര്യസമര സേനാനികളായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി, മുൻ മന്ത്രിമാരായ പി.എം. അബൂബക്കർ, പി.പി. ഉമ്മർകോയ, ബി.വി. അബ്ദുല്ലക്കോയ എം.പി, ഒളിമ്പ്യൻ റഹ്മാൻ, മുൻ മേയർ കുന്നത്ത് ആലിക്കോയ തുടങ്ങി പ്രമുഖർ ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു. ◆

ആരോഗ്യം




# ആശങ്കകൾ കുറക്കാം; ശുഭാപ്തിവിശ്വാസിയാവാം

**ഡോ. ഷീബ നൈനാൻ**

ജെറിയാട്രിക് സൈക്യാട്രി കൺസൽട്ടൻറ്
മേയ്ത്ര ഹോസ്പിറ്റൽ, കോഴിക്കോട്

ലോകത്തെ മുഴുവൻ വ്യക്തികളും ഇന്ന് കോവിഡ്-19 എന്ന വൈറസ് രോഗത്തെക്കുറിച്ച് ആശങ്കപ്പെടുകയാണ്. അടുത്ത കാലത്തൊന്നും കാണാത്ത രീതിയിലുള്ള ഒരു മാരകമായ പകർച്ചവ്യാധിയെയാണ് ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ശാരീരിക ശുചിത്വം, പ്രതിരോധം എന്നീ കാര്യങ്ങളിൽ വ്യാപകമായ ബോധവത്കരണങ്ങൾ നടക്കുകയും അതിൻെറ ഭാഗമായി ജനങ്ങൾക്കിടയിൽ ഇതേക്കുറിച്ചുള്ള അടിസ്ഥാന അറിവുകൾ ഒരു പരിധിവരെ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ, രോഗത്തെക്കുറിച്ചുള്ള ഉത്കണ്ഠകളും പുതിയ ജീവിതസാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള പ്രയാസങ്ങളും



ചേർന്ന് സൃഷ്ടിക്കുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ച് സമൂഹത്തിൽ വലിയതോതിലുള്ള ബോധവത്കരണങ്ങൾ നടന്നിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങളിൽ വിദ്യാസമ്പന്നർക്കിടയിൽപോലും ആവശ്യത്തിനുള്ള അറിവില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള പ്രതിസന്ധിയെ അതിജീവിക്കാനുള്ള മാനസിക പ്രതിരോധശേഷി കൈവരിക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്.

## സദാസമയവും വാർത്തകളിൽ മുഴുകരുത്

നിലവിൽ വീടുകൾക്കകത്തും ക്വാറൻറീനിൽ കഴിയുന്നവരിലും, പരിമിതമായെങ്കിലും ചില ജോലികളിൽ മുഴുകുന്നവരിലും, ഒരുപോലെ കണ്ടുവരുന്ന ഒരു സ്വഭാവമാണ് കോവിഡ്-19മായി ബന്ധപ്പെട്ട വാർത്തകൾ നിരന്തരം പിന്തുടരുക എന്നത്. പത്രങ്ങൾ, ടെലിവിഷൻ, സമൂഹമാധ്യമങ്ങൾ എന്നിവ വഴി ലഭിക്കുന്ന വിവരങ്ങളുമായി ബന്ധപ്പെട്ട ആശങ്കയിലാണ് പലരും. വാട്സ്ആപ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ തുടങ്ങിയ സമൂഹമാധ്യമങ്ങൾ നമ്മുടെ നാട്ടിൽ വ്യാപകമാണ്. അതുകൊണ്ടുതന്നെ മിക്കവരും വിവരങ്ങൾ കൂടുതലായി അറിയുന്നത് ഇത്തരം മാധ്യമങ്ങളിലൂടെയാണ്. കഴിയാവുന്ന സമയങ്ങളിലൊക്കെ ആളുകൾ രോഗവ്യാപനത്തെയും കോവിഡ് മരണങ്ങളെയുംകുറിച്ച് പുതിയ വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. എന്നാൽ, ഈ പ്രവണത അത്ര നല്ലതല്ല. എന്തെന്നാൽ, ഇങ്ങനെ ചെയ്യുന്ന വ്യക്തികൾക്കിടയിൽ തുടർച്ചയായി ആശങ്കകളും മാനസികസംഘർഷങ്ങളും ഉത്കണ്ഠകളും ഉണ്ടാകാൻ ഇത് കാരണമാവും.

മനസ്സിൽ എല്ലായ്പ്പോഴും നിഷേധചിന്തകൾ മാത്രം നിറയുന്നത് മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ടുതന്നെ ഇത്തരം സമയങ്ങളിൽ, ശുഭാപ്തിവിശ്വാസം, ആത്മവിശ്വാസം, പ്രതിസന്ധികളെ നേരിടാനുള്ള ധൈര്യം എന്നിവ വളർത്തുകയാണ് വേണ്ടത്.

ഈ പ്രശ്നത്തെ അതിജീവിക്കാൻ മേൽപറഞ്ഞ ശീലങ്ങളിൽ നിർബന്ധമായും ചില മാറ്റങ്ങളും നിയന്ത്രണങ്ങളും വരുത്തേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ദിവസത്തിൽ നിരവധി തവണ കോവിഡുമായി ബന്ധപ്പെട്ട വാർത്തകളെ പിന്തുടരാതിരിക്കുക എന്നത്. ഒന്നോ രണ്ടോ തവണ മാത്രമായി വാർത്തകൾ കാണുന്നത് ചുരുക്കുക. അതേക്കുറിച്ച് മറ്റുള്ളവരുമായി സംസാരിക്കുന്നതും കഴിയുന്നത്ര ഒഴിവാക്കുക. സമൂഹമാധ്യമങ്ങളിലെ എല്ലാ വിവരങ്ങളും ശരിയാണെന്ന് ധരിക്കാതെ ഔദ്യോഗിക സംവിധാനങ്ങൾ പുറത്തുവിടുന്ന വിവരങ്ങൾ മാത്രം വിശ്വസിക്കുക. കൂടാതെ, അതിജീവനത്തിൻെറ വാർത്തകളും വിവരങ്ങളും പരമാവധി വായിക്കുകയും കാണുകയും അതേക്കുറിച്ച് മറ്റുള്ളവരോട് പറയുകയും ചെയ്യുക. ഇത്തരം കാര്യങ്ങൾ വ്യക്തികളിൽ ശുഭചിന്തയും ആത്മവിശ്വാസവും വളർത്തും.

## ലോക്ഡൗണും സമൂഹവും

സമൂഹത്തിലെ വിവിധതലത്തിലുള്ളവരെ പലരീതിയിലാണ് ലോക്ഡൗൺ ബാധിക്കുന്നത്. ജോലിക്കു പോകുന്ന സ്ത്രീ-പുരുഷന്മാർ, കുടുംബനാഥൻ, വീട്ടമ്മ, വിദ്യാർഥികൾ, ചെറിയ കുഞ്ഞുങ്ങൾ തുടങ്ങി എല്ലാ മേഖലയിലുമുള്ളവർ ഇന്ന് ലോക്ഡൗണിൻെറ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. ചിലരുടെ ജീവിതരീതികളെ ഈ സാഹചര്യം മൊത്തത്തിൽ മാറ്റിമറിച്ചുവെങ്കിൽ മറ്റുചിലരെ ഭാഗികമായി മാത്രവും ചിലരെ വളരെചെറിയ രീതിയിലും മാത്രമാണ് ബാധിച്ചിരിക്കുന്നത്. കുട്ടികൾക്കും വിദ്യാർഥികൾക്കും ജീവിതത്തിൻെറ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരാത്തതിനാൽ മാതാപിതാക്കളെ മുഴുവനായി അടുത്തുകിട്ടിയ സന്തോഷത്തിലാണവർ. പുറത്തേക്ക് കളിക്കാനും യാത്രപോകാനും കഴിയുന്നില്ലല്ലോ എന്നൊരു പ്രയാസം മാത്രമേ അവരെ അലട്ടുന്നുള്ളൂ. അതേസമയം, ജോലിക്കു പോകുന്ന സ്ത്രീ-പുരുഷന്മാർക്ക് വരുമാനം നിലച്ചുപോയതിൻെറ ആശങ്കകൾ ഒഴിവാക്കാൻ കഴിയില്ല. അതുപോലെത്തന്നെ കുട്ടികളുടെ പഠനം, സാമ്പത്തിക പ്രതിസന്ധികൾ എന്നിവ അവരെ അലട്ടുന്നത് സ്വാഭാവികമാണ്. വീട്ടമ്മമാരിലും ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ആശങ്കകൾ അലട്ടാൻ സാധ്യതയുണ്ട്. ജോലി ലഭിച്ച് അധികകാലം കഴിയാത്തവർ, വിവാഹസമയമായവർ, അവരുടെ ബന്ധുക്കൾ, ബിസിനസുകാർ, വിദേശയാത്രക്ക് തയാറെടുത്തവർ തുടങ്ങിയവർക്കൊക്കെ വിവിധതരത്തിലുള്ള സംഘർഷങ്ങളും ഉത്കണ്ഠകളും ഉണ്ടാവുന്നതിൽ കുറ്റംപറയാനാവില്ല.

## ആശങ്കകളുടെയും ഉത്കണ്ഠകളുടെയും ഫലം

ആശങ്കകളും ഉത്കണ്ഠകളുമെല്ലാം നമ്മുടെ നിത്യജീവിതത്തിൻെറ ഭാഗമാണെങ്കിലും പരിധികടന്നാൽ മാനസികാരോഗ്യത്തെ അത് പ്രതികൂലമായി ബാധിക്കും. അതുകൊണ്ടുതന്നെ അമിതമായി ഇത്തരം വികാരങ്ങളുടെ പിറകെ പോകാതെ നമ്മുടെ മുന്നിലുള്ള പ്രതിസന്ധികളെ നേരിടാനുള്ള ശക്തിയാർജിക്കുകയാണ് വേണ്ടത്. പലപ്പോഴായി നിരവധി വെല്ലുവിളികൾ നേരിട്ടാണ് എല്ലാവരും ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. അത്തരം ഒരു വെല്ലുവിളിയായി ഈ സന്ദർഭത്തെയും കാണേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ആരും ഒറ്റക്കല്ല, ലോകം ഒരുമിച്ചുനിന്നാണ് ഇതിനെ നേരിടുന്നത്. അതുകൊണ്ടുതന്നെ പ്രശ്നത്തിന് ഉടൻതന്നെ ഒരു പരിഹാരം ഉണ്ടാവാതിരിക്കില്ല. ഇത്തരം ചിന്തകൾക്ക് പ്രാധാന്യം കൊടുത്ത് മനസ്സിനെ ശാന്തമാക്കുകയാണ് വേണ്ടത്.

അതേസമയം, നിരന്തരമായ മാനസിക സമ്മർദങ്ങൾ ശാരീരികവും മാനസികവുമായ നിരവധി പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. തലവേദന, ഉന്മേഷമില്ലായ്മ, തോളിലും കഴുത്തിലും പുറത്തുമുള്ള വേദന, തൊണ്ടവരളുക, ഉറക്കക്കുറവ്, നെഞ്ചിന് ഭാരം, മനംപിരട്ടൽ, വയറ്റിൽ അസ്വസ്ഥത, നെഞ്ചിടിപ്പ്, ലൈംഗികപ്രശ്നങ്ങൾ തുടങ്ങിയ ശാരീരികപ്രശ്നങ്ങൾക്ക് പിറകിൽ ഒരുപക്ഷേ, വ്യക്തിയുടെ മാനസിക സമ്മർദങ്ങളായിരിക്കാൻ സാധ്യതയുണ്ട്.

മറ്റു മനോരോഗങ്ങളിലേക്കു നയിക്കാനും ഇവ വഴിവെക്കാറുണ്ട്. ശ്രദ്ധക്കുറവ്, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവില്ലായ്മ, ഉറക്കപ്രശ്നങ്ങൾ, വിമ്മിട്ടം, നിരന്തരമുള്ള ആധികൾ, മറവി എന്നിവയെല്ലാം ഈ അവസരത്തിൽ വ്യക്തികളിൽ കണ്ടുവരാൻ സാധ്യതയുണ്ട്.

ഒഴിഞ്ഞുമാറൽ, ഭക്ഷണത്തോട് വിരക്തി അല്ലെങ്കിൽ ആസക്തി, ലഹരിപദാർഥങ്ങളോടുള്ള അമിതമായ ആഭിമുഖ്യം എന്നിവയെല്ലാം ഗൗരവമായി കാണേണ്ട പ്രശ്നങ്ങളാണ്. ഇത്തരം ലക്ഷണങ്ങൾ ഒരു വ്യക്തിയിൽ കാണുന്നപക്ഷം ഉടൻ ഒരു വിദഗ്ധൻെറ സഹായം തേടേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഇവ ഉത്കണ്ഠാ രോഗം, വിഷാദരോഗം തുടങ്ങിയ മനോരോഗങ്ങളുടെയോ അല്ലെങ്കിൽ മറ്റു ശാരീരിക അസുഖങ്ങളുടെയോ ലക്ഷണങ്ങളാവാം.

## മാനസിക പിരിമുറുക്കങ്ങളെ അതിജീവിക്കാം

കൃത്യസമയങ്ങളിൽ ആവശ്യത്തിന് ഉറങ്ങാൻ ശ്രമിക്കുകയാണ് മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് അത്യാവശ്യമായ ഒരു ഘടകം. അതിനായി ഉറക്കത്തിനു മുമ്പ് മൊബൈൽ ഫോൺ, ടി.വി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ ഉപയോഗം ഒഴിവാക്കുക. കൂടാതെ കാപ്പി, ചായ, കോളകൾ തുടങ്ങിയ ഉത്തേജനം നൽകുന്ന പാനീയങ്ങൾ ഒഴിവാക്കുക, ഉറങ്ങാനായി വെളിച്ചക്കുറവുള്ള ശാന്തമായ അന്തരീക്ഷം തെരഞ്ഞെടുക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം. വ്യായാമം, വായന, ഫോണിലൂടെ സൗഹൃദം പങ്കുവെക്കൽ, പാചകം, കലാപരമായ പ്രവർത്തനങ്ങൾ എന്നിവവഴി മനസ്സിൻെറ മടുപ്പിനെ ഒരു പരിധിവരെ അതിജീവിക്കാനാവും. ചിത്രരചന, സംഗീതം, തയ്യൽ, സിനിമ, ഗെയിമുകൾ തുടങ്ങിയ ഇഷ്ടമുള്ള വിനോദങ്ങളിൽ ഏർപ്പെടുന്നതും മാനസികാവസ്ഥയെ മെച്ചപ്പെടുത്താൻ സഹായിക്കും. വളരെ കാലമായി ചെയ്യാൻ ആഗ്രഹിച്ചതും വീട്ടിലിരുന്നു ചെയ്യാൻ സാധിക്കുന്നതുമായ ചിലകാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുമാവാം.

## മാനസിക സംഘർഷങ്ങൾ കുറക്കാനുള്ള വഴികൾ

1. അലട്ടുന്ന ചിന്തകളെ അപഗ്രഥിച്ച്, പ്രശ്നത്തിൻെറ മൂലകാരണം തിരിച്ചറിയുക.
2. പ്രശ്നം എന്തുതന്നെയായാലും, അതിനു പരിഹാരം കണ്ടെത്താൻ കഴിയുമെന്നു മനസ്സിലാക്കുക
3. കാര്യങ്ങൾ സ്വയം പരിഹരിക്കാനാവില്ലെങ്കിൽ അക്കാര്യം മനസ്സുകൊണ്ട് അംഗീകരിക്കുക.
4. ശുഭചിന്തകൾ നൽകുന്ന സുഹൃത്തുക്കളും കുടുംബാംഗങ്ങളുമായി കാര്യങ്ങൾ ചർച്ചചെയ്ത് ഉചിതമായ പരിഹാരം കാണുക.

5 പരിഹാരമാർഗങ്ങൾ പ്രായോഗികവും തൃപ്തികരവുമാണെന്ന് ഉറപ്പുവരുത്തുക.

6 ലക്ഷ്യങ്ങൾ തീരുമാനിച്ച് ഉറപ്പിക്കുന്നത് നിഷ്ക്രിയത ഇല്ലാതാക്കാനും ആത്മാഭിമാനവും ആത്മവിശ്വാസവും വർധിപ്പിക്കാനും ഉപകരിക്കും.

7. ജോലികൾ മുൻഗണന അടിസ്ഥാനത്തിൽ ചെയ്യുകയും പ്രത്യക്ഷമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്യുക.
8. നിലവിലെ സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധത്തോടെ, ഭാവിയെക്കുറിച്ച് ആശങ്കപ്പെടാതെ, അതത് ദിവസത്തെ കാര്യങ്ങളിൽ വ്യാപൃതരാകാൻ ശ്രമിക്കുക.

◆

കത്തുകൾ



## മനുഷ്യത്വപരമായ സമീപനം വേണം

'തെറ്റുചെയ്യാത്ത കുറ്റവാളികൾ' എന്ന തലക്കെട്ടിൽ ലക്കം 1666 'വാരാദ്യ മാധ്യമ'ത്തിൽ മുസ്തഫ എ. തയാറാക്കിയ ഫീച്ചർ വായിച്ചു. പൊതുമാപ്പ് ലഭിച്ചിട്ടും നാട്ടിലെത്താൻ കഴിയാതെ ബുദ്ധിമുട്ടുന്നവരോട് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാൻ ഭരണകൂടവും പൊതുസമൂഹവും തയാറാവണം. പ്രവാസികളായ ഇന്ത്യൻ പൗരന്മാരെ രാജ്യത്തിനുവേണ്ടി വിയർപ്പും രക്തവുമൊഴുക്കിയ പട്ടാളക്കാരെപ്പോലെ കാണാൻ സമൂഹം തയാറാകണം.

**വി.പി. ഉസ്മാൻ താമരശ്ശേരി**

## നൊമ്പരങ്ങളുടെ പ്രവാസം

മലയാളികളുടെ പ്രവാസത്തിൻെറ ആകത്തുക തന്നെയായിരുന്നു 'വാരാദ്യമാധ്യമം' ലക്കം 1666 അവതരിപ്പിച്ച രണ്ട് ഫീച്ചറുകൾ. സഹജീവികളോടുള്ള കലവറയില്ലാത്ത ആർദ്രതയുടെ പേരാണ് പ്രവാസം. സ്വന്തത്തെപോലും മറന്നുള്ള സഹജീവി സ്നേഹമാണ് അവരുടെ മുഖമുദ്ര. അതേ പ്രവാസികൾതന്നെ ഭരണകൂടത്തിൽനിന്നും പൊതുസമൂഹത്തിൽനിന്നും കടുത്ത അവഗണനയും നേരിടുന്നു. മലയാളിയുടെ പ്രവാസജീവിതത്തിൻെറ ഈ രണ്ട് അവസ്ഥകളെയും ഈ കോവിഡ് കാലം നമുക്ക് കാണിച്ചുതന്നു. ആ രണ്ട് അവസ്ഥകളെയും ചൂണ്ടിക്കാട്ടുന്നതായിരുന്നു 'കോവിഡ് കാലത്തെ ധർമസമരം', 'തെറ്റു ചെയ്യാത്ത കുറ്റവാളികൾ ' എന്നീ ഫീച്ചറുകൾ.

**ഇ.എസ്. അരുൺകുമാർ, ചേർത്തല, ആലപ്പുഴ**

## ചുറ്റുപാടുകളെ കുറിച്ച്

ലക്കം 1666 വാരാദ്യ മാധ്യമത്തിൽ പ്രസിദ്ധീകരിച്ച ഡോ. അബ്ദുല്ല പാലേരിയുടെ 'കൂട്ടിനകത്തൊരു കുഞ്ഞുണ്ട്, കുഞ്ഞിന് തീറ്റ കരിന്തേള് ' എന്ന തലവാചകത്തിലുള്ള ഫോട്ടോ ഫീച്ചർ ഏറെ സന്ദേശങ്ങൾ നൽകുന്നതാണ്. ഈ കോവിഡ് കാലത്ത് എഴുത്തുകാരൻ ചുറ്റുപ്പാട് നിരീക്ഷിക്കുകയും പലരുടെയും ധാരണകൾ തിരുത്തുകയും ചെയ്യുന്നു.

**ശാഫി വേളം, ശാന്തിനഗർ**

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ
വാട്സ്ആപ് വഴിയും രചനകൾ
ഇ-മെയിലിലൂടെയും അയക്കാം

whatsapp: **9645006105**
e-mail: **varadyam@madhyamam.in**

പത്രാധിപർ, വാരാദ്യമാധ്യമം,
വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

പാട്ടോരം

# നിന്നോർമകളിൽ പാടുന്നു, ഓരോ ഹൃദയമിടിപ്പും...

**കഴിഞ്ഞവാരം അന്തരിച്ച ഹിന്ദി ഗാനരചയിതാവ് യോഗേഷ് ഗൗറിൻെറ സംഗീതജീവിതത്തിലൂടെ**

**ഇ.പി. ഷെഫീഖ്**

'ആയേ തും യാദ് മുഝെ, ഗാനേ ലഗി ഹർ ദഡ്കൻ...' തൻെറ മരണവാർത്ത കേൾക്കുമ്പോൾ, മറന്നുപോയവരും തന്നെ ഓർത്തുപാടാനാകണം, ഒരുപക്ഷേ നാലര പതിറ്റാണ്ട് മുമ്പ് 'മിലി'യിൽ യോഗേഷ് ഗൗർ ഈ വരികളെഴുതിയത് -'നിന്നോർമകൾ വന്നുനിറഞ്ഞെന്നിൽ, പാടിത്തുടങ്ങി ഓരോ ഹൃദയമിടിപ്പും...'. അങ്ങനെ ഓർത്തോർത്തു പാടാൻ എത്രയെത്ര സുവർണഗീതികൾ. മുകേഷ് അനശ്വരമാക്കിയ 'കഹി ദൂർ ജബ് ദിൻ ഡൽ ജായേ', മന്നാഡേ ഭാവതീവ്രമാക്കിയ 'സിന്ദഗി കൈസി ഹേ പെഹേലി' (ചിത്രം -ആനന്ദ്), ലത മങ്കേഷ്കറിൻെറ സ്വരത്തിൽ അമിതാഭ് ബച്ചനും മൗഷുമി ചാറ്റർജിയും പ്രണയമഴ നനയുന്ന 'റിം ഝിം ഗിരേ സാവൻ' (ചിത്രം-മൻസിൽ), യേശുദാസ് പ്രസരിപ്പ് പരത്തിയ 'ജാനേമൻ ജാനേമൻ തേരേ ദോ നയൻ' (ചോട്ടി സീ ബാത്ത്), പതിത മനസ്സിൻെറ വേദനയിൽ കിഷോർ കുമാർ പാടുന്ന 'കഹാ തക് യേ മൻ കോ അന്ധേര ചലേഗ' (ചിത്രം-ബാതോം ബാതോം മേം) അങ്ങനെ എത്രയെത്ര.

കഴിഞ്ഞയാഴ്ച 77ാം വയസ്സിൽ മുംബൈ വാസൈ റോഡിലുള്ള സുഹൃത്ത് സത്യേന്ദ്രയുടെ വീട്ടിൽവെച്ച് ആ തൂലിക നിശ്ചലമായെങ്കിലും യോഗേഷ് 'ആനന്ദി'ൽ എഴുതിയപോലെ 'കനവുകളുടെ തിരുമുറ്റത്ത്, സ്വപ്നച്ചെരാതുകളായി തെളിഞ്ഞ്' ആ വരികൾ ആസ്വാദക ഹൃദയങ്ങളിൽ എന്നുമെന്നും അലയടിക്കും. സഖി റോബിൻ, രജനിഗന്ധ, മൻസിലേം ഓർ ഭി ഹെ, ആജാ മേരി ജാൻ, അനോഖ ദാൻ, ആനന്ദ് മഹൽ, പ്രിയതമ, ഹമാരേ തുമാരേ, പസന്ദ് അപ്നി അപ്നി, ഹണിമൂൺ, ബേവഫ സനം തുടങ്ങി 55ലധികം സിനിമകളെ ഹൃദയസ്പർശിയായ വരികൾകൊണ്ട് സമ്പന്നമാക്കിയ യോഗേഷ് 2017ലിറങ്ങിയ 'അംഗ്രേസി മേം കെഹ്തേ ഹെ'ക്കുവേണ്ടിയാണ് അവസാനമായി തൂലിക ചലിപ്പിച്ചത്.



• യോഗേഷ് ഗൗർ

## ആദ്യപ്രതിഫലം 25 രൂപ

ഉർദുവിൻെറ കാൽപനികഭംഗിയിൽനിന്ന് ഹിന്ദിയുടെ ലളിതസൗന്ദര്യത്തിലേക്ക് സിനിമാഗാനങ്ങളെ കൊണ്ടെത്തിച്ചതിൽ യോഗേഷ് ഗൗർ വഹിച്ച പങ്ക് ചെറുതല്ല. 1960ൽ 17ാം വയസ്സിൽ ഭാഗ്യപരീക്ഷണത്തിനായി ലഖ്നോയിൽനിന്ന് ബോംബെയിലെത്തി പ്രതീക്ഷയോടെ നിരവധി വാതിലുകൾക്ക് മുന്നിലാണ് യോഗേഷ് അവസരം കാത്തുനിന്നത്. ഒരു വാതിലും തുറന്നില്ല. അനിശ്ചിതത്വത്തിൻെറ ആ കാലങ്ങളെല്ലാം പിന്നീടുള്ള ഗാനരചനകളിൽ പ്രതിഫലിക്കുകയും ചെയ്തു.

ഇൻറർമീഡിയറ്റിനുശേഷം ഷോർട്ട് ഹാൻഡും ടൈപ്പിങ്ങുമെന്ന അന്നത്തെ അധിക യോഗ്യതകളുടെ ആത്മവിശ്വാസവുമായാണ് യോഗേഷ് ബോംബെയിലെത്തുന്നത്. പി.ഡബ്ല്യു.ഡിയിൽ എൻജിനീയറായിരുന്ന പിതാവിൻെറ അകാലത്തിലുള്ള വേർപാടായിരുന്നു ഈ പറിച്ചുനടലിന് പിന്നിൽ. ബ്രിട്ടീഷുകാർ പാട്ടം നൽകിയ സ്ഥലത്ത് പിതാവ് കെട്ടിപ്പൊക്കിയ ബംഗ്ലാവ് മാത്രമായിരുന്നു കുടുംബത്തിൻെറ ഏക സമ്പാദ്യം. അവിചാരിതമായി ഹൃദയാഘാതം വന്ന് പിതാവ് മരിച്ചതോടെ അമ്മയുടെയും രണ്ട് പെങ്ങന്മാരുടെയും സംരക്ഷണ ചുമതല യോഗേഷിൻെറ ചുമലിലായി. ലഖ്നോവിൽ ജോലിയൊന്നും ലഭിക്കാതായപ്പോൾ ബംഗ്ലാവിൻെറ ഒരു ഭാഗം വാടകക്ക് നൽകിയാണ് കുടുംബം കഴിഞ്ഞുകൂടിയത്.

പിന്നീടാണ് അമ്മായിയുടെ മകനും തിരക്കഥാകൃത്തുമായ വ്രജേന്ദ്ര ഗൗർ (ഘട്ടി പതംഗ്, അനുരാഗ്, ചൈനാ ടൗൺ എന്നിവയുടെ രചയിതാവ്) സഹായിക്കുമെന്ന വിശ്വാസത്തിൽ ബോംബെയിലേക്ക് വണ്ടി കയറിയത്. സത്തു എന്ന് വിളിപ്പേരുള്ള സുഹൃത്ത് സത്യപ്രകാശ് തിവാരിയും ഒപ്പംകൂടി. വ്രജേന്ദ്രയുടെ അടുത്ത് ഇരുവരും എത്തിയെങ്കിലും സ്വന്തം കുടുംബക്കാരനായ ലല്ലയെയും (യോഗേഷിൻെറ വിളിപ്പേര്) സുഹൃത്തിനെയും സഹായിക്കാൻ അദ്ദേഹം തയാറായില്ല. ഇത് യോഗേഷിൻെറ മനസ്സിലേൽപിച്ച മുറിവ് ഉണങ്ങിയതുമില്ല. സിനിമകളിൽ പാട്ടെഴുതിത്തുടങ്ങിയപ്പോൾ പേരിനൊപ്പം ഗൗർ എന്ന് ചേർക്കാതെ വ്രജേന്ദ്രയുമായുള്ള 'ബന്ധം' യോഗേഷ് അവസാനിപ്പിക്കുകയും ചെയ്തു.

നിസ്സഹായതയുടെ ആദ്യകാല ബോംബെ ജീവിതമാണ് യോഗേഷിലെ കവിയെ പുറത്തുകൊണ്ടുവന്നതെന്ന് പറയാം. 12 രൂപ വാടകക്ക്, പാഴ്സി പഞ്ചായത്ത് ഏരിയ എന്നറിയപ്പെട്ടിരുന്ന മലമ്പ്രദേശത്തെ ഛാളിലാണ് യോഗേഷും സത്തുവും താമസിച്ചിരുന്നത്. യോഗേഷിൻെറ കവിതകൾ കണ്ട സത്തു സിനിമയിൽ അവസരം തേടാൻ സുഹൃത്തിനെ പ്രേരിപ്പിക്കുകയായിരുന്നു. ഇരുവർക്കും ചെലവിനുള്ള വക താൻ കണ്ടെത്താമെന്നും യോഗേഷ് സിനിമയിൽ എഴുതാനുള്ള പരിശ്രമം തുടരാനുമാണ് സത്തു പറഞ്ഞത്. പാട്ടുകളെഴുതിയ ഡയറിയുമായി സംഗീതസംവിധായകരുടെ വീടുകൾ തേറാറുമുള്ള യോഗേഷിൻെറ യാത്ര തുടങ്ങിയത് അന്നാണ്.

അതിനിടെ, ഓഷിവാരയിലെ ഛാളിലേക്ക് താമസം മാറ്റിയപ്പോഴാണ് അയൽവാസിയായ ഗുൽഷൻ കുമാർ മെഹ്തയെ പരിചയപ്പെടുന്നത്. അന്ന് റെയിൽവേയിൽ ഗുഡ്സ് ക്ലർക്കായിരുന്ന ഗുൽഷനും ഹിന്ദി സിനിമയിൽ അവസരം തേടി നടക്കുകയായിരുന്നു. ഭാഗ്യാന്വേഷണം പിന്നീട് ഇരുവരും ഒരുമിച്ചായി. ഈ യാത്രയിൽ അവർ നടൻ ദേവാനന്ദുമായി അടുത്തബന്ധമുണ്ടായിരുന്ന ഭഗവാൻ സിൻഹ എന്നൊരു സ്വഭാവനടനെ പരിചയപ്പെട്ടു. അയാൾ വഴി റോബിൻ ബാനർജി എന്ന സംഗീത സംവിധായകനിലേക്കും എത്തിപ്പെട്ടു. 1962ൽ പുറത്തിറങ്ങിയ 'സഖി റോബിൻ' എന്ന ചിത്രത്തിന് പാട്ടെഴുതാനുള്ള ചുമതല റോബിൻ ബാനർജി യോഗേഷിനെ ഏൽപിച്ചു. ആദ്യ ചിത്രത്തിലെ ആറ് പാട്ടുകൾക്ക് 25 രൂപയാണ് യോഗേഷിന് പ്രതിഫലം ലഭിച്ചത്. ഗുൽഷൻ കുമാർ മെഹ്ത പിന്നീട് ഗുൽഷൻ ബാവ്റ എന്ന പേരിൽ 'ഉപ്കാറി'ലെ 'മേരി ദേശ് കി ധർത്തി' അടക്കം നിരവധി സൂപ്പർ ഹിറ്റ് ഗാനങ്ങളെഴുതി.

## രാജ്കപൂറിൻെറ സെക്യൂരിറ്റി 'ഇല്ലാതാക്കിയ' ഹിറ്റുകൾ

യോഗേഷിൻെറ തൂലികയിൽനിന്ന് ആദ്യം പിറന്ന ഗാനംതന്നെ ഹിറ്റായിരുന്നു. മന്നാഡെ, സുമൻ കല്യാൺപുർ എന്നിവർ ചേർന്ന് പാടിയ 'തും ജോ ആവോ തോ പ്യാർ ആ ജായേ' എന്ന യുഗ്മഗാനം. ബി.ജെ. പട്ടേൽ സംവിധാനം ചെയ്ത് രാജൻ കപൂർ, നിലോഫർ എന്നിവർ അഭിനയിച്ച 'സഖി റോബിൻ' ഹിറ്റായില്ലെങ്കിലും 'തും ജോ ആവോ' റേഡിയോ സിലോണിൻെറ ഹിറ്റ് ചാർട്ടിൽ ഇടംപിടിച്ചു. പടം ഹിറ്റാകാഞ്ഞതിനാൽ കുഞ്ഞുചിത്രങ്ങളാണ് പിന്നീട് യോഗേഷിനെ തേടിയെത്തിയത്. ഹിന്ദി സിനിമാഗാന ലോകത്ത് യോഗേഷിനെ അടയാളപ്പെടുത്തുന്ന ഗാനങ്ങൾ പിറക്കാൻ പിന്നെയും ഒമ്പതു വർഷമെടുത്തു. 'ആനന്ദി'ലെ അപൂർവ സുന്ദര ഗാനങ്ങൾ (കഹി ദൂർ ജബ് ദിൻ ഡൽ ജായേ, സിന്ദഗി കൈസി ഹേ പെഹേലി) യോഗേഷിനെ ഋഷികേഷ് മുഖർജിയുടെയും ബസു ചാറ്റർജിയുടെയുമൊക്കെ പ്രിയങ്കരനാക്കി.

കണ്ടുമുട്ടുമ്പോളെല്ലാം 'ആനന്ദി'ലെ ഗാനങ്ങൾ പാടി അമ്പരപ്പെടുത്തുന്ന ഒരു ആരാധകനുണ്ടായിരുന്നു യോഗേഷിന്. സാക്ഷാൽ ജാവേദ് അക്തർ. യോഗേഷിനെതന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിരുന്ന ആരാധനയായിരുന്നു അത്.

യോഗേഷിൻെറ പാട്ടുകൾ വിലയിരുത്തിയാൽ സാധാരണക്കാരുടെ മനോവിചാരങ്ങൾ പാട്ടുകളിലൂടെ പകരാൻ കഴിഞ്ഞതാണ് അവയുടെ പ്രത്യേകതയെന്നു കാണാം. ഭാഷയുടെ ലാളിത്യത്തിൻെറയും ആശയത്തിൻെറ ഗഹനതയുടെയും സമന്വയം യോഗേഷിൻെറ രചനകളിൽ കണ്ടെത്താനാകും. 'ദൈനംദിന ജീവിതത്തിൽനിന്ന്, ചുറ്റുമുള്ള മനുഷ്യരിൽനിന്നാണ് ഞാൻ കവിതകൾ കണ്ടെത്തിയിരുന്നത്. അവരുടെ ഇടയിൽ ജീവിച്ച് അതൊക്കെ കാണാതിരുന്നാൽ, ദൂരേക്കുപോയാൽ എങ്ങനെയാണ് നീതികരിക്കാനാകുക?' - ഇതേക്കുറിച്ച് ഒരിക്കൽ യോഗേഷ് പറഞ്ഞതിതാണ്. "കൊഴിഞ്ഞുവീഴുന്ന ഒരു പക്ഷിത്തൂവലിൻെറ മൃദുലതയാണ് അദ്ദേഹത്തിൻെറ രചനകൾക്ക്. എത്ര ബുദ്ധിമുട്ടുള്ള ഈണങ്ങൾക്കും ലളിതമായ വരികളെഴുതാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ആ പാട്ടുകൾ കേട്ട് വളർന്നവർ പോലും പിന്നീട് അദ്ദേഹത്തെ മറന്നതും ഖേദകരമാണ്. ബോളിവുഡിൽ നിലനിൽക്കാനാവശ്യമായ 'പി.ആർ കഴിവുകൾ' അദ്ദേഹത്തിനില്ലായിരുന്നു. ഈ ക്രൂര നഗരമാകട്ടെ, തൻെറ രീതികൾക്ക് യോജിക്കാത്ത അദ്ദേഹത്തെ മനഃപൂർവം മായ്ച്ചുകളയുകയും ചെയ്തു" -ഗാനരചയിതാവ് വരുൺ ഗ്രോവർ പറയുന്നു.

'ആനന്ദി'ലെ മെഗാഹിറ്റ് ഗാനങ്ങൾക്കുശേഷം അന്നത്തെ സൂപ്പർതാരം രാജ്കപൂർ യോഗേഷിനെ നേരിൽ കാണാൻ ക്ഷണിച്ചിരുന്നു. പക്ഷേ, മൂന്ന് തവണ രാജ് കപൂറിൻെറ ബംഗ്ലാവിലെത്തിയെങ്കിലും ഗേറ്റിലുണ്ടായിരുന്ന സെക്യൂരിറ്റി ഗാർഡ് യോഗേഷിനെ കയറ്റിവിട്ടില്ല. അന്തർമുഖനും അഭിമാനിയുമായ യോഗേഷ് താനാരാണെന്ന് വെളിപ്പെടുത്താതെ തിരികെ പോവുകയും ചെയ്തു. ഒരുപക്ഷേ, പുതിയ ചിത്രത്തിൽ പാട്ടെഴുതിക്കാനായിരിക്കാം രാജ്കപൂർ അദ്ദേഹത്തെ വിളിപ്പിച്ചത്. അങ്ങനെയെങ്കിൽ ഗാനരചയിതാവ് എന്ന നിലയിൽ ഒരുപാട് ഉയരങ്ങളിലേക്കുള്ള യാത്രയെ കൂടിയാണ് അന്ന് സെക്യൂരിറ്റി തടഞ്ഞത്. കഴിവുണ്ടായിട്ടും അത് തെളിയിച്ചിട്ടും യോഗേഷ് 'പിന്നണി'യിലേക്ക് തള്ളപ്പെട്ടതെന്തുകൊണ്ടാണ്? അതിൻെറ ഉത്തരം അദ്ദേഹം തന്നെ എഴുതിയിട്ടുമുണ്ട്- 'ജീവിതം, ഇതെന്തൊരു പ്രഹേളികയാണ്. ചിലപ്പോഴത് ചിരിപ്പിക്കും, മറ്റു ചിലപ്പോൾ കരയിക്കും'.

◆



• 'ഹമാരെ തുമാരെ' എന്ന സിനിമയുടെ റെക്കോഡിങ് വേളയിൽ ഉമേഷ് മെഹ്റ, കിഷോർ കുമാർ, ലത മങ്കേഷ്കർ, ആർ.ഡി. ബർമൻ എന്നിവർക്കൊപ്പം യോഗേഷ് (ഇടത്തേയറ്റം)

കഥ

# കൊറോണക്കാല കഥകൾ

**ഷാഹുൽഹമീദ്. കെ.ടി**


ചിത്രീകരണം: കെ. നിസാർ

## ലോക്ഡൗൺ

ആക്രോശങ്ങളില്ലാതെ, സഖ്യരാജ്യങ്ങളുടെ അകമ്പടിയില്ലാതെ, ആയുധങ്ങൾക്കും ആറ്റംബോംബുകൾക്കും മുന്നിൽ നൃത്തം ചെയ്ത്, ലോകത്തിൻെറ വാതിലുകളെല്ലാം പൂട്ടി, അദൃശ്യനായ കൊലയാളി മൂന്നാംലോകയുദ്ധത്തിനു തിരികൊളുത്തി.

## റീഡർ

വിറയലോടെ വന്ന രോഗിക്കരികിലേക്ക് നീങ്ങുന്ന നഴ്സുമാരിലൊരുവൾ പറഞ്ഞു: “പുള്ളിക്ക് ആൽക്കഹോൾ വിഡ്രോവലാവാനാ...” “അല്ല, ഇതതല്ല സിസ്റ്ററെ.”കൂടെവന്നവൻ പറഞ്ഞു. “പുള്ളിക്ക് വായിക്കാൻ പുസ്തകം കിട്ടാത്തതിൻെ അസുഖാ,വീട്ടിലുള്ളത് രണ്ടും മുന്നുംതവണ...” നഴ്സ് മേശപ്പുറത്തെ പുസ്തകം അയാൾക്ക് കൊടുത്തു, പുറംചട്ടനോക്കിയയുടനെ അയാളത് വീശിയെറിഞ്ഞു. “കോളറക്കാലത്തെ പ്രണയം നാലുതവണ വായിച്ചതാ...” മറ്റൊരു നഴ്സ് മേശവലിപ്പിലെ പുസ്തകവുമായെത്തി. പേജുകൾ മറിച്ചുനോക്കി, ശാന്തനായി ചുമരിലേക്കയാൾ ചാരിയിരിക്കുമ്പോൾ കൂടെവന്നവൻ പുറംചട്ടയിലേക്ക് നോക്കി; പ്രണയവും ഫുട്ബാളും.

## ബറിയൽ ഗ്രൗണ്ട്

പൗരത്വത്തിനായി ശബ്ദിച്ചവരെ കൊന്നുതള്ളിയ കാട്ടിനുള്ളിലെ വെളിമ്പ്രദേശത്തേക്കുതന്നെ അയാളുടെ ശവവും പട്ടാളക്കാർ കൊണ്ടുവന്നു. രോഗംപടരാതിരിക്കാൻ ശവങ്ങളെല്ലാം ഒരൊറ്റസ്ഥലത്ത് മറവുചെയ്യാൻ നിർദേശമുണ്ടായിരുന്നു. മാംസം അഴുകിയ കുഴിയിൽ മനുഷ്യർ കൂനയായി കിടപ്പുണ്ടായിരുന്നു. വണ്ടിയിൽനിന്നു പുറത്തേക്കിറക്കിയപ്പോൾ അയാളുടെ ശവം അറപ്പോടെ കുഴിയിലേക്കു നോക്കി “സൈന്യാധിപനായ ഞാൻ... ഈ ” ഷവൽകൊണ്ടു പുറത്ത് അടികിട്ടിയയുടനെ കുഴിയിലേക്കുവീണ അയാൾ ശവങ്ങളിലെ വൈറസുകളുടെ ശബ്ദംകേട്ടു “ഇനി ഈ ഭൂമിയിൽ ആർക്കൊക്കെ പൗരത്വം കൊടുക്കണമെന്നു ഞാൻ തീരുമാനിക്കും, ജനറൽ...”

## നാച്ചുറലിസം

പറവകൾ മാനത്ത് ചിറകടിച്ചുല്ലസിച്ചു “പുകപടലങ്ങളില്ല. ശുദ്ധവായു...തണുത്തകാറ്റ്...” വാലുകളിളക്കി മീനുകൾ ജലത്തിൽ നീന്തിത്തുടിച്ചു “തെളിഞ്ഞവെള്ളം... മാലിന്യങ്ങളില്ല” കാട്ടിനുള്ളിൽ മദിച്ചുനടന്നു മൃഗങ്ങൾ... “ചൂട് കുറഞ്ഞു... മരങ്ങളിൽ പുതുതളിരുകൾ...ഇതെല്ലാം എങ്ങനെ സംഭവിച്ചു?” മിന്നലുകൾക്കൊപ്പം വന്ന മഴക്കുള്ളിലെ വാക്കുകൾ അവർ കേട്ടു: “ഭൂമിയിലെ വിഷവർഗത്തെ മഹാമാരിയാൽ ഞാൻ കൂട്ടിലടച്ചിരിക്കുകയാണ്. കൂടുതുറക്കുമ്പോൾ അവയുടെ എണ്ണം കുറഞ്ഞിരിക്കും, ഈ മാറ്റങ്ങളെ ശാശ്വതമായി നിലനിർത്താൻ അതുപകരിക്കും.”

## കിലോമീറ്റേഴ്സ്

പൊലീസുകാരുടെ കണ്ണുവെട്ടിച്ച് ഗ്രാമങ്ങളിലെ ചെറുവഴികൾ പിന്നിടുന്നവരിൽനിന്ന് പെൺകുട്ടി പറഞ്ഞു “ഇനിയുമെത്രയോ ദൂരങ്ങൾ താണ്ടണം ഞാൻ പ്രണയിക്കുന്നവൻെറ ഗ്രാമത്തിലെത്താൻ..” പുഴകടക്കുമ്പോൾ അയാൾ മറ്റുള്ളവരെ നോക്കി “ഭാര്യക്കും കുഞ്ഞിനും അമ്മക്കുമരികിലെത്താൻ ഇനിയെത്ര പുഴകൾ കടക്കേണ്ടിവരും..?” കുന്നുകൾ ഇറങ്ങുന്നതിനിടയിൽ വൃദ്ധൻ പറഞ്ഞു “എൻെറ ഗ്രാമത്തിലെത്തി അന്ത്യശ്വാസംവലിക്കാൻ കഴിഞ്ഞെങ്കിൽ.” കൃഷിയിടങ്ങളിലൂടെ പോവുമ്പോൾ സ്ത്രിയുടെ കണ്ണുനിറഞ്ഞു “എൻെറ തൈകളെല്ലാം കരിഞ്ഞുപോയിരിക്കുമോ?” പിന്നെയും ആൾക്കൂട്ടത്തിൽനിന്നും നെടുവീർപ്പുകളുയർന്നു.

## എയ്ഞ്ചൽ

ദിവസങ്ങളോളം നീണ്ട തുടർച്ചയായ രോഗീപരിചരണങ്ങൾക്കിടയിൽ ഐ ഗിയർ* മുഖപേശികളിലുണ്ടാക്കിയ ചുവന്നവടുക്കളുമായാണ് അവൾ ക്വാറൻറീൻ പീരിയഡിലേക്ക് കടന്നത്. വടുക്കൾക്കൊപ്പം മുഖപേശികൾ ചുളിയുകയും നെറ്റിയിൽ കറുത്ത പാടുകൾ നിറയുകയും ചെയ്തു. ക്വാറൻറീൻ കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ ഭർത്താവ് അവളെ അപരിചിതയെപ്പോലെ നോക്കി. വാതിൽ അടച്ചു. അകത്തുനിന്ന് മറ്റൊരു സ്ത്രിയുടെ ശബ്ദം കേട്ടയുടനെ മുഖത്തെ വടുക്കളിൽ ചോരപൊടിഞ്ഞ്, മുറ്റത്ത് കുഴഞ്ഞുവീണ അവൾ ലോകത്തിൻെറ മാലാഖയായി, മാലാഖയുടെ ഭർത്താവിനെ ലോകം അഭിനന്ദനങ്ങളാൽ മൂടി.

*EYE GEAR: സ്വയംസുരക്ഷാ വസ്ത്രങ്ങൾക്കൊപ്പമുള്ള കണ്ണട

കവിത



# ജീവനുള്ളവയുടെ പേര്: നിശ്ശബ്ദത

**കെ.എം. റഷീദ്**


പൂക്കളെല്ലാം കൊഴിഞ്ഞിരുന്നു
നിലാവിൻെറ നേർത്ത കണികയിൽ മാത്രം പ്രകാശം തങ്ങിനിന്നു
വാക്കുകൾ ഭയത്തിൻെറ ഇടുങ്ങിയ മാളങ്ങളിൽ ഒളിച്ചു
ആരുമൊന്നും പറയാത്ത രാത്രിയിൽ
നിഗൂഢതകൾ ഇണചേർന്നു

എല്ലാവരും പൊയ്പ്പോയ തെരുവാണ് ഞാൻ
അവസാനത്തെ കാൽപ്പാടാണിന്നെൻെറ ഓർമ
സ്വന്തം അഭയഗേഹം തേടുമ്പോലെ
ഓരോരുത്തരും അവസാനത്തെ ശ്വാസമെടുക്കുന്നു
അതിൽ മൃതിയുടെ വേരുകൾ മുളയ്ക്കുന്നു
ചേതനയറ്റതിനെല്ലാം സ്മാരകങ്ങൾ എന്ന് വിളിക്കുന്നു
ജീവനുള്ളവക്കെല്ലാം ഒരേ പേര്
നിശ്ശബ്ദത

മരിച്ചവരോട് പകവീട്ടാൻ കഴിയാത്തതിനാൽ നാം
ജീവിതത്തെ കണക്കുപുസ്തകത്തിലേക്ക് മാറ്റുന്നു
അതിൻെറ ഓരോ ഏടും കറുപ്പിച്ച് കറുപ്പിച്ച്
മുഖംമൂടി കെട്ടുന്നു

തീരങ്ങളെ കുളിപ്പിച്ചെടുക്കാമെന്ന തിരമാലകളുടെ വ്യാമോഹം പോൽ
വെറുതെയിരുന്ന നിമിഷങ്ങളാണ് ജീവിതം
അതിനാലാവാം,
വീട്ടുമുറ്റത്തു വീണ തളിരില ആകാശത്തോട് കഥ പറയുന്നത്
കടൽക്കരയിൽ തെറിച്ച മീൻ വെള്ളത്തോട് തർക്കിക്കുന്നത്
ഒന്നും എവിടെയും രേഖപ്പെടുത്താതെ കാറ്റുഴറി നടക്കുന്നത്
തെക്കേ പറമ്പിലെ കൊമ്പിൽ കീഴ്ക്കാംതൂക്കായൊരു പക്ഷി
എല്ലാം നോക്കി കണ്ണിറുക്കുന്നത്.

◆



വായന

# ഓർക്കേണ്ട ചരിത്രമുദ്രകൾ

**ഒറ്റക്കല്ലിൽ കൊത്തിയ ശിൽപമല്ല ഒരിക്കലും ജീവിതം. വിവിധങ്ങളായ ധാരകളിലൂടെ ഓടിയും നടന്നും കരഞ്ഞും എരിഞ്ഞും ചിരിച്ചും കളിച്ചും തീരേണ്ടതാണ് ജീവിതം**

**ഡോ. പി.കെ. പോക്കർ**

നാടകരചയിതാവായ ഹുസൈൻ കാരാടിയുടെ നോവൽ ‘അടയാളശില’ മലബാറിലെ മുസ്‌ലിം ഭൂതകാലത്തിൻെറ ഒരു പരിച്ഛേദമായി അനുഭവപ്പെടുന്നു. പ്രാദേശിക ചരിത്രാഖ്യാനങ്ങളും ചരിത്രനോവലുകളും വർധമാനമായ തോതിൽ രചിക്കപ്പെടാൻ തുടങ്ങിയത് ഒരു ആധുനികോത്തര പ്രവണതയാണ്. അവഗണിക്കപ്പെട്ടതും അദൃശ്യമാക്കപ്പെട്ടതുമായ ഭൂതകാല ജീവിതത്തെ ആവിഷ്കരിക്കേണ്ടത് വാസ്തവത്തിൽ ചരിത്രപരമായ ഉത്തരവാദിത്തമാണ്. ഈ ദൗത്യം ഗംഭീരമായി നിർവഹിക്കാൻ ഹുസൈൻ കാരാടിക്ക് സാധിച്ചിട്ടുണ്ട്.

ഗ്രാമീണ ജീവിതത്തിലെ, ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരധ്യായം നമുക്കും ഭാവിതലമുറക്കും അറിയാനുള്ള സന്ദർഭമാണ് ഈ നോവൽ നിർവഹിക്കുന്നത് . ചരിത്രത്തിലുടനീളം വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുന്ന ദൗത്യമാണ് ഇന്ന് ലോകവ്യാപമായി നടക്കുന്നത്. ഭാഷയെയും സാഹിത്യത്തെയും പൊളിച്ചെഴുതിയ പുതിയ കാലമായിരിക്കണം ഹുസൈന് ഇതുപോലൊരു നോവൽ രചിക്കാൻ ഊർജം നൽകിയത്. ഈ രചനയിൽ ഒരുവിധത്തിൽ എല്ലാവരുംമുഖ്യ കഥാപാത്രങ്ങളാണ്. കാരണം ഓരോ ജീവിതത്തിനും അതിൻെറതായ വേറിട്ട ഇടങ്ങളും അതുല്യമായ പങ്കുമാണ് ജീവിതത്തിലുള്ളതെന്ന തിരിച്ചറിവാണ് നോവൽ ഉണ്ടാക്കുന്നത്. അതേസമയം, ഇതിലെ പ്രധാന കഥാപാത്രങ്ങളായ മൂസ മുസ്‌ലിയാരോ അദ്ദേഹത്തിൻെറ ശിഷ്യനായ കുഞ്ഞീതോ ചെയ്യുന്ന നല്ലതും ചീത്തയുമായ കാര്യങ്ങളെല്ലാം ഒരു വ്യവസ്ഥക്കകത്ത് (System) സംഭവിക്കുന്നതായി വായനക്കാർക്ക് അനുഭവപ്പെടുകയും ചെയ്യുന്നു. കേരളീയ ഭൂതകാലം അനുഭവിച്ച ഇരുട്ടും വെളിച്ചവും ശത്രുതയും സൗഹൃദവും ഈ രചനയുടെ വായനാനുഭവത്തെ സമ്പന്നമാക്കുന്നു.


‘ജിന്നിനെയും ഇൻസിനെയും പോലെ പടച്ചവൻ പടച്ച ഒന്നിനെയും പേടിയില്ലാത്തവനാണ് കുഞ്ഞീത്. ചെകുത്താനും ജിന്നും ഒടിയനുമെല്ലാം അയാളുടെ വരുതിയിലാണ്. ഒരുപിടി ഭസ്മമോ, ഒരു മന്ത്രക്കളമോ ഒരു കറുത്ത നൂൽച്ചരടോ മതി അയാൾക്ക് അവരെ തളിച്ചിടാൻ’ (പു. 150). യഥാർഥത്തിൽ ദീർഘകാലം കേരളീയ ഗ്രാമങ്ങളെ നിയന്ത്രിച്ച വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും അതിലൂടെ രൂപപ്പെട്ട പകയും പ്രതികാരവും ചോരച്ചാലുകളും നോവലിൻെറ പുറങ്ങളിൽ വിറങ്ങലിച്ചു നിൽക്കുന്നുണ്ട്. അതേസമയം, കുഞ്ഞീതും അപ്പുണ്ണി നായരും അച്ചുമ്മുവും കല്യാണിയും അബൂട്ടിയും രുഗ്മിണിയും സൈനബിയുമെല്ലാം സ്നേഹ സൗഹൃദങ്ങളും ഗ്രാമ്യമായ (idyllic) നന്മയും ഉള്ളവരായും നമുക്ക് അനുഭവപ്പെടുന്നു.

ജീവിതത്തിലന്തർഭവിച്ച ഒരു പ്രധാന വൈരുധ്യവും ഇവിടെ അനാവൃതമാവുന്നു. കുഞ്ഞീതും അപ്പുണ്ണി നായരും മനുഷ്യരെയും പ്രകൃതിയെയും സ്നേഹിക്കുന്നവരാണ്. അവർക്ക് ആരോടും ദേഷ്യമോ പരിഭവമോ ഇല്ല. കുഞ്ഞീത് മന്ത്രവാദിയോ ഇസ്മിൻെറ പണിക്കാരനോ ആവുന്നത് അയാളുടെ ഏതെങ്കിലും തരത്തിലുള്ള ദുഷ്ടബുദ്ധിയോ ക്രൂരതയോ കാരണമല്ല. ഓരോ മനുഷ്യനും അയാൾ എവിടെയാണോ എത്തിപ്പെടുന്നത് അവിടെ വളരുകയാണ്. വഴിയരികിൽ വളരുന്ന ബദാം മരത്തെപോലെ, അല്ലെങ്കിൽ ഗുൽമഹർപോലെ മനുഷ്യരും എവിടെയെല്ലാമോ എത്തിപ്പെടുകയോ എറിയപ്പെടുകയോ ചെയ്യുകയാണ്. പൊതുബോധത്തിൽ രൂഢമൂലമായ പല വിശ്വാസങ്ങൾക്കും നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അറിവിന് പല തലങ്ങളുണ്ടെന്ന യാഥാർഥ്യവും ഇവിടെ കുഞ്ഞീതിലൂടെ അനാവരണം ചെയ്യപ്പെടുന്നു. പ്രകൃതിയിലും ജീവിതത്തിലും നിഗൂഢതകൾ നിലനിൽക്കുവോളം മനുഷ്യർക്ക് നിസ്സഹായാവസ്ഥയും അനുഭവപ്പെടുന്നതാണ്.

കുഞ്ഞീതിനും അപ്പുണ്ണി നായർക്കും പുഴയോരം ആശ്വാസവും സന്തോഷവും നൽകുന്നു. വേദനകൾ പറഞ്ഞുതീർക്കാനുള്ള ഇടമായി പുഴയോരം മാറുന്നു. മക്കളായ അബൂട്ടിയും രുഗ്മിണിയും പ്രകൃതിയിൽതന്നെയാണ് സമാശ്വാസം കണ്ടെത്തുന്നത്. ‘പരന്നൊഴുകുന്ന തെളിഞ്ഞ പുഴയായിരുന്നു എന്നും അവരെ ആശ്വസിപ്പിക്കാറുണ്ടായിരുന്നത്. വേദനകളും ദുഃഖങ്ങളും മായ്ച്ചുകളഞ്ഞത് പുഴയിലെ ഓളങ്ങളായിരുന്നു’ (പു. 191)

പ്രതികാരവും അനുകമ്പയും കൂടിച്ചേരുന്ന, വെറുപ്പും സ്നേഹവും ഒത്തുചേരുന്ന, നശീകരണവും രചനാത്മകതയും ഒന്നിക്കുന്ന ജനനവും മരണവും പിന്തുടരുന്ന സാമൂഹിക ഇടങ്ങൾ എന്നും ഒരു യാഥാർഥ്യമാണ്. അതേസമയം, പള്ളിയും പള്ളിക്കാടും മന്ത്രവാദങ്ങളും കൂടോത്രങ്ങളും ഒടിവിദ്യകളും ഗ്രാമങ്ങളിലെ ഇരുട്ടിനെ ഭീകരമാക്കിയ വൈദ്യുതിയുടെയും തെരുവുവിളക്കുകളുടെയും ആഗമനപൂർവ ജീവിത പരിസരം ഇന്നത്തെ തലമുറക്ക് അത്രയൊന്നും പരിചയമുണ്ടാവില്ല. ഈ നോവലിലെ മൂസ മുസ്‌ലിയാരെ ഞാനിപ്പോൾ കൺമുന്നിൽ കാണുന്നുണ്ട്. അര നൂറ്റാണ്ടിനു മുമ്പ് പതിവായി വീട്ടിലേക്ക് വരുന്ന എഴുത്താണിയും കടുക്ക മഷിയുമുപയോഗിച്ച് വെളുത്ത ബസിയിൽ (പ്ലേറ്റ്) എഴുതുന്ന, എരുക്കിൻെറ പൂക്കളും എരഞ്ഞി ഇലകളും മറ്റുമുപയോഗിച്ച് മന്ത്രവാദം നടത്തിയിരുന്ന എൻെറ നാട്ടിലെ മുസ്‌ലിയാരുടെ ബാല്യകാല സ്മരണ ഈ നോവൽ എൻെറ മുന്നിലെത്തിക്കുന്നു. കടന്നുപോയ വഴികളും ഒഴുകിപ്പോയ വിയർപ്പും കരിഞ്ഞുപോയ സ്വപ്നങ്ങളും ഓർമിപ്പിക്കുമ്പോഴാണ് ചരിത്രനോവൽ അതിൻെറ ദൗത്യം നിർവഹിക്കുന്നത്.

വ്യക്തിപരമായി ഒരാളുടെ നന്മ-തിന്മകൾ അയാളകപ്പെടുന്ന സാമൂഹിക സാഹചര്യത്തിനകത്താണ് രൂപപ്പെടുന്നത്. മൂസ മുസ്‌ലിയാർ ദർസിൽ പഠിപ്പിച്ചും പ്രാർഥിച്ചും കഴിയേണ്ട മനുഷ്യനാണ്. എന്നാൽ, നാട്ടിലെ പ്രമാണിമാരും ജന്മികളും രൂപപ്പെടുത്തിയ വൈരത്തിൻെറയും പ്രതികാരത്തിൻെറയും നടത്തിപ്പുകാരനായും മുസ്‌ലയാർക്ക് വേഷം കെട്ടേണ്ടിവരുകയാണ്. കുഞ്ഞീതിൻെറ കാര്യവും ഭിന്നമല്ല. കുഞ്ഞീത് മകൻ അബൂട്ടി ഒരിക്കൽ ആശ്വസിക്കുന്നതുപോലെ ‘ബാപ്പ സ്വയം തെരഞ്ഞെടുത്തതായിരിക്കില്ല ഈ ജോലി’.




**അടയാളശില (നോവൽ)**
ഹുസൈൻ കാരാടി
പേജ്: 264, വില: 290
പൂർണ പബ്ലിക്കേഷൻസ്

മനുഷ്യജീവിതത്തിൽ ഒരാൾ മൂന്നു ഘട്ടങ്ങളിലൂടെ കടന്നുപോകുന്നതായി പ്രസിദ്ധ ദാർശനികനായ കീർക്കേഗാഡ് (Soren Kierkegaard) നിരീക്ഷിക്കുന്നുണ്ട് . അവ സൗന്ദര്യാത്മകവും ധാർമികവും മതപരവും ആണ്. ഇവിടെ അടയാളശിലയിലെ കുഞ്ഞീതും ഈ മൂന്ന് ഘട്ടങ്ങളെയും പ്രതിനിധാനം ചെയ്യുന്നതായി കാണാം. സ്വന്തം ഭാര്യ ഉൾപ്പെടെ സ്ത്രീകൾ അനുഭവിക്കുന്ന യാതനയെക്കുറിച്ചുള്ള തിരിച്ചറിവാണ് കുഞ്ഞീതിനെ ആത്മവിചാരണയിലേക്ക് നയിക്കുന്നത്. യഥാർഥത്തിൽ എല്ലാ മനുഷ്യരും ആന്തരികമായി നന്മയെ ആശ്ലേഷിക്കുന്നവരാണ്. അധികാരത്തിൻെറയും പണചംക്രമണത്തിൻെറയും ഘടനക്കകത്താണ് ഒരാൾ സ്വയം അഴുകിപ്പോകുന്നത്. ആരെയും ഹനിക്കാനോ കാമിക്കാനോ ഒരിക്കൽപോലും ഉദ്ദേശിക്കാത്ത വ്യക്തിയാണ് കുഞ്ഞീത്. എന്നാൽ, കുഞ്ഞീത് എത്തപ്പെട്ട തൊഴിൽമേഖല കുടുംബത്തിന് മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ പ്രദാനംചെയ്യുന്നു. വിവാഹങ്ങളും മരണങ്ങളും ജനനങ്ങളും ജീവിതത്തിൻെറ അനിവാര്യതയായി എന്നും നിലനിൽക്കുന്നു. അതേസമയം, അവ മൂന്നും പലപ്പോഴും അമ്മയുടെ തെരഞ്ഞെടുപ്പുകൾക്ക് വിധേയമായി സംഭവിക്കണമെന്നില്ല. അനിശ്ചിതത്വങ്ങളും അമ്പരപ്പുകളും യാദൃച്ഛികതകളും ജീവിതത്തെ എന്നും സങ്കീർണമാക്കുന്നു. ഒറ്റക്കല്ലിൽ കൊത്തിയ ശിൽപമല്ല ഒരിക്കലും ജീവിതം. വിവിധങ്ങളായ ധാരകളിലൂടെ ഓടിയും നടന്നും കരഞ്ഞും എരിഞ്ഞും ചിരിച്ചും കളിച്ചും തീരേണ്ടതാണ് ജീവിതം. ഇരുണ്ട കാലങ്ങളിലും മനുഷ്യർ പങ്കിട്ട സ്നേഹസൗഹൃദങ്ങളാണ് നമുക്കു മുന്നിൽ ഇന്നും ആവേശമായി നിലനിൽക്കേണ്ടത്. അതിന് നോവലിസ്റ്റിന് സാധിച്ചിട്ടുണ്ട്.

◆

കൂലങ്കഷം

വരി: **മെഹദ് മഖ്ബൂൽ** വര: **യാസിർ മുഹമ്മദ്**



*“കാക്കേ കാക്കേ കൂടെവിടെ?
കുഞ്ഞ് വിശന്ന് കരയില്ലേ..
അതുകൊണ്ട് വേഗം പോകൂ, തീറ്റ കണ്ടെത്തൂ ..”
അതൊരു ‘മൻ കീ ബാത്ത് ’ ആയിരുന്നു!*

പുസ്തകം





**ഇന്ത്യാചരിത്രം (ചരിത്രം)**
എ. ശ്രീധരമേനോൻ
പേജ്: 718, വില: 699.00
ഡി.സി ബുക്സ്

ചരിത്രാതീത കാലം മുതൽ സ്വാതന്ത്ര്യാനന്തര കാലഘട്ടം വരെയുള്ള ഇന്ത്യയുടെ ചരിത്രം പ്രതിപാദിക്കുന്ന കൃതി. രചയിതാവിൻെറ ഇന്ത്യാചരിത്രം ഒന്നും രണ്ടും ഭാഗങ്ങൾ ക്രോഡീകരിച്ചത്.





**ജീവിതരേഖകൾ (ആത്മകഥ)**
എ. രാമചന്ദ്രൻ
വിവ: പി. സുധാകരൻ
പേജ്: 215, വില: 250.00
ഡി.സി ബുക്സ്

ലോകപ്രശസ്ത ചിത്രകാരനും ശിൽപിയുമായ എ. രാമചന്ദ്രൻെറ ആത്മകഥ. ഇന്ത്യൻ ചിത്രകലയുടെ ചരിത്രംകൂടിയാകുന്നു ഇത്.





**റിബെൽ സുൽത്താന്മാർ (ചരിത്രം)**
മനു എസ്.പിള്ള
വിവ: കെ.എസ്. ഇന്ദുശേഖർ
പേജ്: 344, വില: 350.00
മാതൃഭൂമി ബുക്സ്

പതിമൂന്നാം നൂറ്റാണ്ടിൻെറ അസ്തമയ കാലം മുതൽ പതിനെട്ടാം നൂറ്റാണ്ടിൻെറ ഇന്ത്യാ ചരിത്രത്തിൻെറ ഹൃദ്യമായ വിവരണം.




**ഇവിടെ പാട്ടിന് സുഗന്ധം (ലേഖനം)**
രവി മേനോൻ
പേജ്: 222, വില: 250.00
മാതൃഭൂമി ബുക്സ്

പാട്ടിൽ ഗൃഹാതുരത്വം നിറച്ച ഒരുകൂട്ടം പ്രതിഭകളെ കുറിച്ചുള്ള ഓർമകൾ. സംവിധായകർ, അഭിനേതാക്കൾ, ഓർമിക്കപ്പെടാതെ പോയ കലാകാരന്മാർ... എന്നിവരെല്ലാം കടന്നുവരുന്നു.




**സുഹൈല (കഥ)**
മുനവർ വളാഞ്ചേരി
പേജ്: 65, വില: 75
ഒലിവ്

പിറന്നനാടിനെയും പ്രവാസമണ്ണിനെയും അനുഭവങ്ങളിലൂടെയും ജീവിതങ്ങളിലൂടെയും കണ്ണിചേർക്കാൻ ശ്രമിക്കുന്ന ഒമ്പത് കഥകൾ.





**പ്രളയം: പ്രതിരോധം, പുനർനിർമാണം പഠിക്കാം ഡച്ച് പാഠങ്ങൾ (പഠനം)**
വേണു രാജാമണി,
രാകേഷ് എൻ.എം
വിവ: വിനോദ് ജോൺ
പേജ്: 136, വില: 360.00
മാതൃഭൂമി ബുക്സ്

കേരള പുനർനിർമാണ പ്രക്രിയയിൽ അറിഞ്ഞിരിക്കേണ്ട വിവരണങ്ങളും വിലയിരുത്തലുകളും ക്രിയാത്മക നിർദേശങ്ങളും.




**ഗ്രേറ്റ ട്യുൻബെർഗ് ഭൂമിക്കു വേണ്ടി ഒരു സ്കൂൾകുട്ടിയുടെ പോരാട്ടം (ജീവിതകഥ)**
പി.എസ്. രാകേഷ്
പേജ്: 104, വില: 130.00
മാതൃഭൂമി ബുക്സ്

യു.എൻ കാലാവസ്ഥ ഉച്ചകോടിയിൽ പ്രകൃതിക്കും പരിസ്ഥിതിക്കും വേണ്ടി സംസാരിച്ച പതിനഞ്ചുകാരിയുടെ പ്രചോദിപ്പിക്കുന്ന ജീവിതകഥ.



**എഫ് റിപ്പബ്ലിക്കിലേക്കുള്ള ദൂരം (നോവൽ)**
ചന്ദ്രൻ പൂക്കാട്
പേജ്: 124, വില: 135.00
പൂർണ പബ്ലിക്കേഷൻസ്

അധികാരവും ആവിഷ്കാര സ്വാതന്ത്ര്യവും ഇരുളുപൊതിയുന്ന രാഷ്ട്രീയവും ജീവിതവും പരിസ്ഥിതിയുമെല്ലാം നിറയുന്ന നോവൽ.

madhyamam HOT SPOT



# Beware of Hackers

Techie Mon

## അനീഷ് തിരിച്ചുപിടിച്ച എബ്രഹാമിൻെറ ലോകം

വി.കെ. ഷമീം

ലോക്ഡൗണിൽ മലയാളികളെ വീട്ടിനകത്ത് പിടിച്ചിട്ടത് പൊലീസിനൊപ്പം ഒരുപക്ഷേ, യൂട്യൂബും കൂടിയായിരിക്കും. നൂറുകണക്കിന് ചാനലുകളാണ് കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ പുതുതായി തുടങ്ങിയത്. 2005 ഫെബ്രുവരി 11ന് നിലവിൽ വന്നെങ്കിലും ഓൺലൈൻ വിഡിയോ ഷെയറിങ് പ്ലാറ്റ്ഫോമായ യൂട്യൂബിലേക്ക് ആളിടിച്ച് കയറിയത് നാലു വർഷം മുമ്പ് ജിയോ നെറ്റ് വാരിക്കോരി നൽകിയതോടെ.

പലർക്കും ഇന്ന് യൂട്യൂബ് പ്രഫഷനാണ്. ഇതിനിടയിൽ മികച്ച ചാനലുകളെ കൊത്തിക്കീറാൻ വലവിരിച്ച് സൈബർ ക്രിമിനലുകളും ഒളിഞ്ഞിരിപ്പുണ്ട്. അത്തരമൊരു കെണിയിൽ വീണ തൃശൂർ സ്വദേശിയായ അനീഷ് എബ്രഹാം അനുഭവം കേൾക്കേണ്ടതു തന്നെ. മൂന്നര ലക്ഷത്തിനടുത്ത് സബ്സ്ക്രൈബേഴ്സുള്ള ചാനൽ നിമിഷങ്ങൾക്കുള്ളിലാണ് ഹാക്കർമാർ റാഞ്ചിക്കൊണ്ടു പോയത്.



### തുടക്കം ഡിഗ്രിക്കാലത്ത്

2017 ഫെബ്രുവരി 14നാണ് ABRAHAMS WORLD എന്ന ചാനൽ തൃശൂർ ചേലക്കര എളനാട് സ്വദേശിയായ അനീഷ് എബ്രഹാം തുടങ്ങുന്നത്. അന്ന് കോയമ്പത്തൂരിൽ ഡിഗ്രി വിദ്യാർഥിയാണ്. ചെറുപ്പം തൊട്ടേ ടെക്നോളജി താൽപര്യം കൂടെയുണ്ട്. ചാനലും ആ വഴിക്കുതന്നെ. നാല് മാസം കഴിഞ്ഞപ്പോൾ 1000 സബ്സ്ക്രൈബേഴ്സ് എത്തി.

അഞ്ചാമത്തെ മാസം തന്നെ വരിക്കാർ 40,000. ആറാം മാസം ആദ്യമായി യൂട്യൂബിൽനിന്ന് വരുമാനവും വന്നു 20,000 രൂപ. എട്ടു മാസത്തിനുള്ളിൽ ഒരു ലക്ഷം സബ്സ്ക്രൈബേഴ്സ്. പിന്നീട് പടിപടിയായി ആളുകളും വിഡിയോയും വരുമാനവുമെല്ലാം ഉയർന്നു. ടെക്നോളജിക്ക് പുറമെ ട്രാവൽ, ഫുഡ് വിഡിയോകളും ഈ 24കാരൻെറ ചാനലിൽ കാണാം.

### എല്ലാം തകർത്ത ഹാക്കിങ്

ടെക് ചാനലായതിനാൽ പ്രമോഷൻ അധിഷ്ഠിത വെബ്സൈറ്റ് ലിങ്കുകൾ പലരും അയക്കും. പുതുതായി തുടങ്ങിയ ഒരു കമ്പനി തങ്ങളുടെ വി.പി.എൻ സർവിസുമായി ബന്ധപ്പെട്ട് അനീഷിന് ഇ-മെയിൽ അയച്ചു. അവർ അയച്ച സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തതോടെ അനീഷിൻെറ കമ്പ്യൂട്ടർ ഹാക്കർമാരുടെ നിയന്ത്രണത്തിലായി. കീബോർഡ് പോലും അവർ ഉപയോഗിക്കാൻ തുടങ്ങി. ആദ്യം അവർ ചാനലിൻെറ പാസ്വേഡ് മാറ്റി. പിന്നെ ചാനലിൻെറ പേര് വാവെയ് യു.എസ് (HUAWEI US) എന്നാക്കി മാറ്റി. അങ്ങനെ അവർ ബിറ്റ്കോയിൻ ലൈവ് വിഡിയോ നൽകി.

വാവെയ് കമ്പനി ബിറ്റ്കോയിൻ ഗിവ്അവേ നൽകുന്നു എന്ന രീതിയിലായിരുന്നു വിഡിയോ. എട്ട് മണിക്കൂർ ഈ വിഡിയോ നീണ്ടു. 44,000 പേരാണ് ഇതു കണ്ടത്. വിഡിയോ കണ്ട പലർക്കും പൈസ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അവരുടെ വിഡിയോകൾ കാരണം കോപ്പിറൈറ്റ് ലംഘനത്തിന് അനീഷിന് നോട്ടീസും ലഭിച്ചു.

• *അനീഷ് എബ്രഹാം*

### ഹാക്കിങ് കാശിനുവേണ്ടി

ചാനൽ തിരിച്ചുതരാൻ 500 ഡോളറാണ് ചോദിച്ചത്. പണം കൊടുത്തില്ല. കാരണം, പണം വാങ്ങിയശേഷം ചാനൽ തിരിച്ചുതരാതിരിക്കാനും സാധ്യതയുണ്ട്. ഒരേ മെയിൽ ഐ.ഡിയായിരുന്നു യൂട്യൂബിനും ആഡ്സെൻസിനും. അതുകൊണ്ട് തന്നെ ആഡ്സെൻസ് ഹാക്കർമാർ ബ്ലോക്ക് ചെയ്തു. ആഡ്സെൻസ് അക്കൗണ്ട് അസാധുവാക്കാൻ അവർ ഗൂഗിളിൽ അപേക്ഷിച്ചിരുന്നു. അനീഷിനെ കൂടാതെ ഒരുപാട് യൂട്യൂബർമാർക്ക് ഇവരുടെ അടുത്തുനിന്ന് മെയിൽ പോയിട്ടുണ്ട്. പലരുടെയും ചാനലും ഇൻസ്റ്റഗ്രാം അക്കൗണ്ടുമെല്ലാം ഹാക്കായി.

### അപ്രതീക്ഷിത തിരിച്ചുവരവ്

ഒരുപാട് നാളത്തെ സ്വപ്നവും അധ്വാനവുമെല്ലാമാണ് ഒരൊറ്റ നിമിഷംകൊണ്ട് തകർന്നത്. ആദ്യം തളർന്നെങ്കിലും തിരിച്ചുപിടിക്കാനായി വാശി. ചാനൽ ഹാക്ക് ചെയ്ത കാര്യം സമൂഹമാധ്യമങ്ങളിൽ നൽകി. ഒപ്പം തൻെറ തന്നെ ഒരു പഴയ ചാനൽ പൊടിതട്ടിയെടുത്തു. അതിൽ വിഡിയോ ഇട്ടു. അനീഷിൻെറ പ്രശ്നങ്ങൾ അറിഞ്ഞതോടെ മലയാളത്തിലെ പ്രമുഖ യൂട്യൂബർമാരെല്ലാം കട്ടക്ക് സപ്പോർട്ടായി. വെറും 3000 സബ്സ്ക്രൈബേഴ്സ് മാത്രമുണ്ടായിരുന്ന 'ABRAHAM'S WORLD' എന്ന ചാനലിന് ഒരാഴ്ചക്കുള്ളിൽ 50,000 പേരുടെ പിന്തുണയാണ് ലഭിച്ചത്.

### ഓപറേഷൻ തിരിച്ചുപിടിക്കൽ

പഴയ ചാനൽ തിരിച്ചുപിടിക്കാൻ യൂട്യൂബുമായി നിരന്തരം ബന്ധപ്പെട്ടു. അവർ പരമാവധി ശ്രമിച്ചെങ്കിലും കോവിഡ് കാരണം ആളുകൾ ഇല്ലാത്തത് പ്രശ്നമായി. കൂടാതെ, പൊലീസിലും സൈബർ സെല്ലിലും പരാതി നൽകി. ഒന്നും ശരിയാകാതെ വിഷമിച്ചിരിക്കുമ്പോഴാണ് ചില മലയാളി ടെക്ക് വിദഗ്ധർ ബന്ധപ്പെടുന്നത്. ഫേസ്ബുക്ക് ഗ്രൂപ്പായ കേരള സൈബർ വാരിയേഴ്സിലെ അംഗങ്ങളും അതിലുണ്ടായിരുന്നു. അങ്ങനെ കഠിനപ്രയത്നത്തിനൊടുവിൽ ഒരാഴ്ചക്കുശേഷം ചാനൽ തിരിച്ചുകിട്ടി. ഇന്ത്യൻ ഹാക്കർമാർ തന്നെയാണ് ചാനൽ റാഞ്ചിയത്. അവർ ഹാക്ക് ചെയ്ത മറ്റു ചാനലുകളും തിരിച്ചുപിടിച്ചു.

### വേണം, കഠിനാധ്വാനം

പലരും ഇക്കാലത്ത് പൈസ പ്രതീക്ഷിച്ചാണ് യൂട്യൂബിലേക്ക് വരുന്നത്. കുറച്ചുകാലം പണിയെടുത്ത് ഫലം ലഭിക്കില്ല എന്ന് കാണുമ്പോൾ പിൻവാങ്ങും. നിരന്തരമായ കഠിനാധ്വാനം ഉണ്ടെങ്കിൽ മാത്രമേ വിജയിക്കാൻ കഴിയൂവെന്ന് അനീഷ് പറയുന്നു. വ്യത്യസ്തമായ വിഡിയോകൾ ഗുണമേന്മയോടെ നൽകണം. എക്സ്ട്രാ ഓർഡിനറിയായി മാറേണ്ടിവരും, അനീഷിൻെറ വാക്കുകൾ.

ഈ വർഷം ഓൾ ഇന്ത്യ ബൈക്ക് ട്രിപ് പോകാനുള്ള പ്ലാനിലായിരുന്നു അനീഷ്. അതിനിടയിലാണ് കോവിഡും ലോക്ഡൗണുമെല്ലാം. എല്ലാം ശരിയായാൽ യാത്ര തുടങ്ങും. കൂടെ യാത്ര വിഡിയോകളും.

എം.എം. എബ്രഹാം-ഷീല എബ്രഹാം ദമ്പതികളുടെ മകനാണ് അനീഷ്. ബി.എസ്സി മൈക്രോ ബയോളജിക്കുശേഷം വെബ് ഡിസൈനിങ്ങും പഠിച്ചു. ബേക്കറി ആൻഡ് കിച്ചൻ എക്യുപ്മെൻറ്സ് ബിസിനസാണ് കുടുംബത്തിന്. ചാനൽ പ്രവർത്തനം ഇല്ലാത്ത സമയങ്ങളിൽ അനീഷും ബിസിനസിൻെറ ഭാഗമാകാറുണ്ട്. ജ്യേഷ്ഠൻ അജു എബ്രഹാം ഖത്തർ എയർവേഴ്സിൽ കാബിൻ ക്രൂ ആണ്. ◆

#### ചാനൽ ഹാക്ക് ചെയ്താൽ

- ◆ ഉടൻ ഫോർഗറ്റ് പാസ്വേഡ് കൊടുക്കുക. ചിലപ്പോൾ മെയിൽ ഐഡിയോ ഫോൺ വഴിയോ പാസ്വേഡ് മാറ്റി ചാനൽ ലഭിക്കാൻ സാധിക്കും.
- ◆ യൂട്യൂബിനെ വിവരം അറിയിക്കുക. ക്രിയേറ്റർ സ്റ്റുഡിയോയിലെ ഹെൽപ് എന്ന സെക്ഷനിൽനിന്ന് മെയിൽ അയക്കാം. അല്ലെങ്കിൽ അവരുമായി ലൈവ് ചാറ്റ് ചെയ്യാം.
- ◆ ചാനൽ തിരിച്ചുലഭിക്കാൻ യൂട്യൂബ് ഒരുപാട് ചോദ്യങ്ങൾ ചോദിക്കും. അതിനാൽ, ആഡ്സെൻസിൽ പോയി പബ്ലിഷ് ഐ.ഡി സൂക്ഷിച്ചുവെക്കുക. ഇതോടൊപ്പം യൂട്യൂബ് ചാനൽ ഐഡിയും അറിയണം. യു.ആർ.എല്ലിലെ സ്ലാഷ് കഴിഞ്ഞിട്ടുള്ളതാണ് ഐഡി.

#### യൂട്യൂബ് ചാനൽ എങ്ങനെ സുരക്ഷിതമാക്കാം?

1. ചാനലിൻെറ എബൗട്ട് സെക്ഷനിൽ മെയിൽ ഐഡി, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ നൽകരുത്.
2. മെയിൽ ഐഡിയും ഫോൺ നമ്പറും പരമാവധി സുരക്ഷിതമാക്കുക. ഇത് രണ്ടും കിട്ടിയാൽ തന്നെ ഹാക്ക് ചെയ്യാം.
3. നമ്മുടെ ചാനൽ മറ്റൊരാൾക്കു കൂടി മാനേജ് ചെയ്യാൻ കഴിയുന്ന രീതിയിൽ ബ്രാൻഡ് അക്കൗണ്ടാക്കി മാറ്റുക. ഇതുവഴി മറ്റൊരു മെയിലിൽനിന്നും യൂട്യൂബ് അക്കൗണ്ട് ഉപയോഗിക്കാം.
4. ശക്തമായ പാസ്വേഡ് തന്നെ നൽകുക. രണ്ടോ മൂന്നോ മാസം കൂടുമ്പോൾ ഇതു മാറ്റുക.
5. പാസ്വേഡുകൾ ഒരിക്കലും ഗൂഗിളിൽ സേവ് ചെയ്യരുത്.
6. യൂട്യൂബ് ഉപയോഗിക്കുന്ന കമ്പ്യൂട്ടറിൽ ക്രാക്ക്ഡ് സോഫ്റ്റ്വെയറുകൾ ഇൻസ്റ്റാൾ ചെയ്യരുത്.
8. ടു സ്റ്റെപ് വെരിഫിക്കേഷൻ എനാബിൾ ചെയ്യുക.
9. റിക്കവറി ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ നൽകുക. റിക്കവറി കോഡുകൾ ബുക്കിൽ എഴുതിവെക്കുക.
10. വിൻഡോസിൻെറ ഒറിജിനൽ വേർഷൻ തന്നെ ഉപയോഗിക്കുക.
11. വെബ് ബ്രൗസറുകളിലെ എക്സ്റ്റൻഷനുകൾ സൂക്ഷിക്കുക.
12. ആഡ്സെൻസ് അക്കൗണ്ടിനും യൂട്യൂബ് അക്കൗണ്ടിനും രണ്ട് മെയിൽ ആക്കുക.
13. പ്രമോഷനടക്കം പലരീതിയിലുള്ള മെയിൽ വരും. അവയിൽ വൈറസ് പോലുള്ള ചതിക്കുഴികൾ അടങ്ങിയിട്ടുണ്ടോ എന്നു പരിശോധിക്കാൻ താഴെ പറയുന്ന വെബ്സൈറ്റുകൾ സഹായിക്കും.

a. Securi Web free link
https://sitecheck.sucuri.net/
b. Virus Total Free web link
https://www.virustotal.com/gui/home

## സഞ്ജുന ഫാഷൻ ഗേൾ

ഫാഷൻ സ്ട്രീറ്റ്

എം. ഷിയാസ്

ഇഷ്ടങ്ങളോട് കൂട്ടുകൂടിയാൽപിന്നെ, നിങ്ങളെ സഞ്ജുന മഡോണക്കണ്ടിയെന്നു വിളിക്കാം. ഫാഷൻ ടെക്നോളജി പഠിച്ച് സ്വപ്നനാടുകളിലേക്ക് യാത്രചെയ്ത് ഇപ്പോൾ സ്വന്തമായി വിമാനം പറത്താനും തുടങ്ങി ഈ കണ്ണൂർ പാനൂർ അണിയാരത്തുകാരി.

കുഞ്ഞിക്കണ്ണൻെറയും സരോജത്തിൻെറയും മകൾ പ്ലസ്ടു വരെ തനി അണിയാരത്തുകാരിയായിരുന്നു. പിന്നെ തിരുപ്പൂരിൽ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിൽനിന്ന് അപ്പാരൽ ഫാഷൻ ഡിസൈനിങ്ങിൽ ബിരുദം. ഇൻറർനാഷനൽ ബിസിനസിലും ബ്രിട്ടീഷ് സ്കൂൾ ഓഫ് ഫാഷനിൽ നിന്ന് ലക്ഷ്വറി ബ്രാൻഡ് മാനേജ്മെൻറിലും എം.ബി.എ. 2015ൽ മിസ് ഇന്ത്യ ഇലഗൻറ് മത്സരത്തിൽ ആദ്യ അഞ്ചുപേരിൽ ഒരാൾ. സൗത്ത് ഇന്ത്യ ക്വീൻ മത്സരത്തിൽ മിസ് കേരള. ഉയരവും നിറവും പോരെന്നു പറയുന്നവർക്കു മുന്നിൽ തന്നോളം പോരുന്നവർ ആരുണ്ടെന്ന നിശ്ചയദാർഢ്യത്തിൻെറ തിരിച്ചുചോദ്യമായി നിന്നവൾ.

ലണ്ടനിലെ എം.ബി.എ പഠനത്തിനുശേഷം സുസ്ഥിര ഫാഷൻ എന്ന സങ്കൽപം മുന്നോട്ടുവെക്കുന്ന നോബഡീസ് ചൈൽഡിലാണ് ജോലി തുടങ്ങിയത്. യു.എസ് ആസ്ഥാനമായ ഹെയർ കെയർ പ്രോജക്ടിൻെറ യു.കെ അംബാസഡറായി. ഇതിനിടയിലാണ് ഒന്നുപറക്കാനും മോഹം ചിറകുമുളച്ചത്.

**ലോക്ഡൗൺ നാളുകളിൽ ലണ്ടനിൽനിന്ന് സഞ്ജുന മഡോണക്കണ്ടിയുടെ സ്വപ്നങ്ങളും വർത്തമാനവും കേൾക്കാം...**



**പൈലറ്റാകാൻ മോഹം പിറന്നതെങ്ങനെ?**

• പ്ലെയിനിനോട് എപ്പോഴും ഇഷ്ടമാണ്. കൽപന ചൗള ബഹിരാകാശത്ത് പോയതൊക്കെ കണ്ടത് ഏറെ ആരാധനയോടെ. എൻെറ റോൾമോഡലായിരുന്നു അവർ. പറക്കാൻ വല്ലാത്ത ഒരു കൗതുകം കൂടി. പക്ഷേ, എൻേറത് ഒരു സാധാരണ കുടുംബമാണ്. പഠിച്ചത് പുറത്താണെങ്കിലും സൂപ്പർ റിച്ചൊന്നുമല്ല. പൈലറ്റ് കോഴ്സാണെങ്കിൽ വളരെ ചെലവേറിയതും; നാട്ടിലായാലും ഇവിടെ യു.കെയിലും. ഇവിടെ ജോലിയായി സേവിങ്സ് കൈയിൽ വന്നതോടെയാണ് കോഴ്സിനുവേണ്ടി സീരിയസാകുന്നത്. ഒരു പ്ലെയിൻ ഒറ്റക്ക് പറത്താമെന്ന ധൈര്യമൊക്കെ നേടി. ഇപ്പോഴും എയർക്രാഫ്റ്റിൻെറ വിറയൽ എന്നെ പേടിപ്പെടുത്തുന്നുണ്ട്. പക്ഷേ, മറികടന്നേ പറ്റൂ.

**എന്തൊക്കെയാണ് തയാറെടുപ്പുകൾ?**

• പൈലറ്റ് കോഴ്സിനായി നമ്മൾ ഫിസിക്കലി ഫിറ്റാകണം. നല്ല കാഴ്ച വേണം. പ്രൈവറ്റ് പൈലറ്റ് ലൈസൻസ് ലഭിക്കാൻ 45 മണിക്കൂർ എയർക്രാഫ്റ്റ് പറത്തണം. യു.കെയിൽ 10,000 പൗണ്ടാണ് അതിനുള്ള കുറഞ്ഞ ഫീസ്. ടൂസീറ്റഡ് അല്ലെങ്കിൽ ഫോർ സീറ്റഡ് എയർക്രാഫ്റ്റ് തെരഞ്ഞെടുക്കാം. ടൂസീറ്റഡ് ജെറ്റിന് എട്ടുമുതൽ പത്തുലക്ഷം വരെ ഇന്ത്യൻ രൂപയാണ് ഫീസ് വരുക. ഒരുവർഷമാണ് കോഴ്സ് കാലാവധി. ആദ്യം ക്യാപ്റ്റൻെറ കൂടെയാണ് ഫ്ലൈ ചെയ്യേണ്ടത്. അതിനുമുമ്പ് ഗ്രൗണ്ട് ലെവൽ തിയറികൾ പഠിക്കണം. ആ ടെസ്റ്റ് പൂർത്തിയാക്കിയാണ് പറക്കാൻ തുടങ്ങുക. പിന്നീട് പി.പി.എൽ മെംബർഷിപ് എടുത്ത് ക്ലബിൽ അംഗമായാൽ മാത്രമേ പ്രൈവറ്റ് ജെറ്റ് വാടകക്ക് എടുക്കാൻ പറ്റൂ. അതിന് 2000 പൗണ്ട്സാണ് പ്രതിമാസത്തെ ഇവിടത്തെ ഫീസ്. ഇത് വളരെ ചെലവേറിയതാണെങ്കിലും ബിസിനസ് ലെവലിൽ ചിന്തിക്കുമ്പോൾ വളരെ സഹായകമാണ്. കാരണം ഇവിടെ സ്വകാര്യ ജെറ്റുകൾ വാടകക്ക് കിട്ടും. അതിൽ ലണ്ടനിൽനിന്ന് പാരിസ് വരെ യാത്രക്ക് ഒരുമണിക്കൂർ മാത്രമേ എടുക്കൂ. ഒരുദിവസത്തെ റെൻറിന് എടുത്താൽ പോയി തിരിച്ചുവരാം.

**കണ്ട ദേശങ്ങൾ, കാഴ്ചകൾ?**

• ഇറ്റലിയാണ് എൻെറ ഫേവറിറ്റ്. ജോലിക്കായി ഇടക്ക് അവിടെ പോകാറുണ്ട്. ലണ്ടനിലും പാരിസിലും ജീവിതം എപ്പോഴും ഫാസ്റ്റാണ്. ഇറ്റലിയിൽ ഒരു കോഫി ഷോപ്പിൽ കയറി കോഫി കുടിച്ച് ചിലപ്പോൾ ആ ദിവസംതന്നെ അങ്ങനെ ചെലവഴിച്ചുപോകും. പിന്നെ, ഏറെ മനോഹരമായ സ്ഥലങ്ങൾ അവിടെയുണ്ട്. ഫാഷൻെറ ഒരു കാപ്പിറ്റൽ സിറ്റിയാണ് മിലാൻ. ഇതുവരെ 17 രാജ്യങ്ങളിൽ പോയിട്ടുണ്ട്. പറ്റുന്നിടത്തെല്ലാം പോകണം.

**ലോക്ഡൗണിൽ ഡൗണായോ?**

• വളരെ ഡിപ്രഷനായ സമയമാണ് ലോക്ഡൗൺ. ഈ കാലത്ത് പോസിറ്റിവായിരിക്കുകയാണ് പ്രധാനം. കേംബ്രിജ് സർവകലാശാലയിൽ ഒരു ഓൺലൈൻ കോഴ്സ് ചെയ്യുന്നുണ്ട്. ലീഡർഷിപ് ഇൻ സസ്റ്റൈനബ്ൾ ബിസിനസാണ് മെയിൻ സബ്ജക്ട്. കോവിഡ് നാളുകൾക്കുശേഷം എങ്ങനെ ബിസിനസ് കൊണ്ടുപോകാം എന്നാണ് അതിൽ പഠിക്കുന്നത്. ലോക്ഡൗൺ കാലത്തും പ്രൊഡക്ടീവാകുകയാണ് വേണ്ടത്. ഓൺലൈനിൽ ജോലികൾ നടക്കുന്നുണ്ട്. യു.കെയിൽ ഒഫീഷ്യലായി എന്തു ജോലിചെയ്യുന്നവർക്കും 80 ശതമാനം ശമ്പളം സർക്കാർ തന്നെ തരുന്നു. അതുകൊണ്ട് ഒരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഈ രാജ്യം വന്നിട്ടില്ല.

**കോവിഡ്കാലത്തെ മോഡലിങ്?**

• കോവിഡ് ലോക്ഡൗൺ കാലത്ത് മോഡലിങ് പ്രഫഷൻ ചലിക്കുന്നില്ല. എങ്കിലും ഓൺലൈൻ ഓഡിഷൻ ഇപ്പോഴുമുണ്ട്. സെൽഫി പിക്ചേഴ്സ് ഓഡിഷന് അയക്കാം. യു.കെയിൽ ലേറ്റസ്റ്റായി ഫോട്ടോഗ്രാഫർമാർ വീട്ടിൽ വന്ന് ഷൂട്ട് ചെയ്യുന്ന തരത്തിൽ സിസ്റ്റം മാറി. അടുത്തിടെ എനിക്ക് കാഡ്ബറീസിൻെറ ഒരു ഷൂട്ട് ലഭിച്ചു. നിങ്ങളുടെ സ്ഥലത്ത് ഷൂട്ട് ചെയ്യാൻ സൗകര്യമുണ്ടോ എന്നാണ് അവർ ആദ്യം ചോദിച്ചത്. കോവിഡ് കാലം കൊണ്ടുവരുന്ന മാറ്റങ്ങളാണ് ഇവ. സാമ്പത്തികമായും ആരോഗ്യപരമായും ഏറെ വെല്ലുവിളികൾ നിറഞ്ഞ നാളുകളാണ്. അതെങ്ങനെ മറികടക്കണമെന്ന വഴികൾ കണ്ടെത്തുകയാണ് ലോകം. ഓൺലൈൻ ബിസിനസിലേക്ക് ലോകം മാറുമെന്നാണ് യു.കെയിലെ പറച്ചിൽ. ജൂലൈ ആദ്യത്തോടെ എല്ലാം സാധാരണ നിലയിലാകുമെന്നാണ് ഇവിടെ പ്രധാനമന്ത്രി ബോറിസ് ജോൺസൻ പ്രത്യാശ നൽകുന്നത്.



• *സഞ്ജുന മഡോണക്കണ്ടി*